

ജൂലൈ 2021
സെന്റ് തോമസ് കത്തീഡ്രൽ, ഇരിങ്ങാലക്കുട

THEKKETHALA
Daily Needs

“ആവശ്യം
മുതൽ
അത്യാവശ്യം
വരെ”

ഓൺലൈനായും ഓഫ്‌ലൈനായും

THEKKETHALA
Daily Needs
Fine N Fresh

SUPERMARKET

Retail, Wholesale and Online shopping

സെന്റ് തോമസ് കത്തീഡ്രലിന് പിൻവശം,
ക്രോസ് ബസാർ ഇരിങ്ങാലക്കുട – 680121 ഫോൺ 0480 2832883

SCAN AND SHOP NOW

www.dnpantry.com
854 7762 883

**DHANAHA**

**ST. THOMAS CATHEDRAL, IRINJALAKUDA**

Off : 2826376, Vicar : 2825386, Asst. Vicar : 2833766
Established : 1977
E-mail : dhanaha.ijk@gmail.com
Website : www.st.thomascathedral.com

**Book : 43 Volume : 6 JULY 2021**

രക്ഷാധികാരി : **മാർ പോളി കണ്ണൂക്കാടൻ**

വികാരി
**വെരി. റവ. ഫാ. പയസ് ചെറപ്പണത്ത്**

അസി. വികാരിമാർ
**റവ. ഫാ. സാംസൺ എലുവത്തിങ്കൽ**
**റവ. ഫാ. ടോണി പാറേക്കാടൻ**
**റവ.ഫാ. ജിബിൻ നായത്തോടൻ**

**പത്രാധിപസമിതി**

ചീഫ് എഡിറ്റർ
**പ്രൊഫ. ഡോ. എജി പോൾ**
**ഫോൺ : 9495013229**

എഡിറ്റേഴ്സ്
**പ്രൊഫ. ഡോ. ഇ.ടി.ജോൺ ഇല്ലിക്കൽ**
**ശ്രീ. അഗസ്റ്റിൻ കെ.ജെ.**

സബ് എഡിറ്റേഴ്സ്
**ശ്രീ.സി.ഒ. പൗലോസ് ചക്കച്ചാംപറമ്പിൽ**
**ശ്രീ. ജോസ് കൊളപ്രൻ**

അഡ്വവർടൈസിംങ്ങ് മാനേജർ
**ശ്രീ. ജോസ് ജി. തട്ടിൽ**

സെക്രട്ടറി
**ശ്രീമതി മിനി ജോസ് കാളിയങ്കര**

ട്രഷറർ
**ശ്രീ. യേശുദാസ് തട്ടിൽ ഉമ്പാവു**

സർക്കുലേഷൻ മാനേജർ
**ശ്രീ. ഷാജൻ കണ്ടംകുളത്തി**

കൈക്കാരന്മാർ
**ശ്രീ. കെ.സി. ജോസ് കൊറിയൻ**
**ശ്രീ. ടി.വി. വർഗ്ഗീസ് തൊമ്മാന**
**ശ്രീ. കെ.ജെ. അഗസ്റ്റിൻ കോളേങ്ങാടൻ**
**ശ്രീ. ജിയോ പോൾ തട്ടിൽ**



## താളുകളിലൂടെ....

- പത്രാധിപക്കുറിപ്പ്
- വികാരിയച്ചന് പറയാനുള്ളത്
- ഇടവക ഡയറി
- സംഘടനാ വാർത്തകൾ
- ആദ്ധ്യാത്മികം
- കൊച്ചച്ചന്റെ വാക്ക്
- യുവജനങ്ങളോട്
- ബാലവാടി
- Lock down love affair
- Hope is Today's Gospel
- പോൾസേട്ടൻ പടിയിറങ്ങുമ്പോൾ
- ABBA
- കാരുണ്യപ്രവർത്തികൾക്കായി
- വിശ്വാസവഴിയിലെ സംശയങ്ങൾ
- ആരോഗ്യവിചാരം
- ആരോഗ്യ ഇൻഷൂറൻസ്
- ബൈബിൾ ക്വിസ്
- സഭാവാർത്തകൾ
- വിശ്വാസിയുടെ മരണഭയം
- വി. യൗസേപ്പ് സ്നേഹനിധിയായ പിതാവ്
- വിശുദ്ധരുടെ ജീവിതങ്ങളിലൂടെ
- വനിതാരംഗം
- നക്ഷത്രക്കുരുന്നുകൾ
- സ്വപ്നത്തേരിൽ
- ദൈവസന്നിധിയിൽ
- സുവിശേഷ കലണ്ടർ

FOR PRIVATE CIRCULATION ONLY

# പത്രാധിപക്കുറിപ്പ്

## ആത്മീയ കവചം



**പ്രൊഫ. ഡോ. എജി പോൾ**
ചീഫ് എഡിറ്റർ


ജൂലൈ 3 – ദുക്റാന തിരുനാൾ. മഹാമാരിയും പ്രകൃതി ക്ഷോഭങ്ങളും മൂലം ഉണ്ടായിട്ടുള്ള എല്ലാ ദുരിതങ്ങളും ബുദ്ധിമുട്ടുകളും അതിജീവിക്കുവാനുള്ള ശക്തിക്കായി വി. തോമാശ്ലീഹായുടെ മാദ്ധ്യസ്ഥം യാചിച്ച് ദൈവാനുഗ്രഹം പ്രാപിക്കാം. തളർന്നുപോകാതെ ദൈവസന്നിധിയിൽ ആശ്രയിച്ച് ദൈവികകരുത്ത് ആർജ്ജിച്ച് പ്രത്യാശയോടെ മുന്നോട്ട് പോകുന്നവരാകാം.

ഡബിൾ മാസ്ക് ധരിച്ചും, ശാരീരിക അകലം പാലിച്ചും, സാനിറ്റൈസർ ഉപയോഗിച്ചും, വാക്സിൻ എടുത്തും നമ്മൾ കൊറോണ വൈറസിൽനിന്നും സംരക്ഷിതരാകുവാൻ ശ്രദ്ധ ചെലുത്തുന്നു. ശാരീരിക സംരക്ഷണത്തിനായി യത്നിക്കുന്ന നാം ആത്മാവിന്റെ സംരക്ഷണത്തിനായും പ്രയത്നിക്കണം. നിരന്തരം പ്രാർത്ഥിച്ച്, ദൈവിക കരുണയിൽ ആശ്രയിച്ച് മുന്നോട്ട് പോകുന്ന നമുക്ക് ദൈവിക സംരക്ഷണം ലഭിക്കും എന്ന് ഉറച്ച് വിശ്വസിക്കാം. ആത്മാവിന്റെ ശുദ്ധത കാക്കുന്നവരും ആത്മീയ ജാഗ്രതയുള്ളവരും ആത്മീയ ഉണർവുള്ളവരുമായി ജീവിതം നയിച്ച് ആത്മീയ പക്വത ആർജ്ജിച്ച് ആത്മീയ കവചം തീർക്കുന്നവരാകാം.

“..... നീ നിന്റെ ദൈവമായ കർത്താവിന്റെ സ്വരം ശ്രദ്ധാപൂർവ്വം ശ്രവിക്കുകയും അവിടുത്തെ ദൃഷ്ടിയിൽ ശരിയായതു പ്രവർത്തിക്കുകയും അവിടുത്തെ കല്പനകൾ അനുസരിക്കുകയും ചട്ടങ്ങൾ പാലിക്കുകയും ചെയ്താൽ ഞാൻ ഈജിപ്തുകാരുടെമേൽ വരുത്തിയ മഹാമാരികളിലൊന്നും നിന്റെമേൽ വരുത്തുകയില്ല. ഞാൻ നിന്നെ സുഖപ്പെടുത്തുന്ന കർത്താവാണ്” (പുറപ്പാട് 15:26). വചനം അനുശാസിക്കുന്നതുപോലെ ദൈവകല്പനകൾ അനുസരിച്ച് ദൈവത്തിന് പ്രീതികരമായി ജീവിതം ക്രമീകരിച്ച് നമ്മുടെ ആത്മാവിന്റെ ആരോഗ്യം കാത്തുപരിപാലിച്ചാൽ ദൈവാനുഗ്രഹം ഒരു നദിപോലെ നമ്മിലേക്ക് ഒഴുകി എത്തും. ദൈവവചനം കൊണ്ട് നിറയണം, അത് പാലിക്കുന്നവരും ആകണം. പാപവും, പാപസാഹചര്യങ്ങളും ഉപേക്ഷിച്ച് മാറ്റം വരുത്തേണ്ടിടത്ത് മാറ്റം വരുത്തി വചനാധിഷ്ഠിതമായ ഒരു ജീവിതം നയിക്കണം. അങ്ങനെ ലോകത്തിന്റെ വഴികൾ ത്യജിച്ച് യേശുമാർഗത്തിൽ ചരിക്കുന്നവരാകണം. ദൈവവചനത്തിലൂടെ ലഭിക്കുന്ന താക്കീതുകൾ അവഗണിക്കാതെ ജീവിത പരിവർത്തനത്തിലൂടെ ജീവിതാന്ത്യത്തെക്കുറിച്ച് ചിന്തിച്ച് നല്ല ഒരു ആത്മീയ ജീവിതം നയിക്കുന്നവരാകണം.

എളിമയോടെ ദൈവത്തിന് വിധേയപ്പെട്ട ജീവിതം മുന്നോട്ട് നയിക്കുന്ന നമ്മോടുകൂടെ ദൈവികസാന്നിധ്യം എപ്പോഴും ഉണ്ടാകും. ദിവ്യബലിയിലും, കൂദാശകളിലും, മറ്റ് ആത്മീയ ശുശ്രൂഷകളിലും പങ്കുകൊണ്ട് ഒരു ആത്മീയ കവചം സ്വന്തമാക്കാം. ദൈവിക കരുത്ത് ആർജ്ജിച്ച് ആത്മീയ നിറവുള്ളവരാകാം. ദൈവിക ശക്തിയാൽ മുന്നോട്ട് നയിക്കപ്പെടുന്ന നാം നമ്മുടെ ആത്മാവിന്റെ രക്ഷയും മറ്റുള്ളവരുടെ ആത്മരക്ഷയും നേടണം.

ജൂലൈ മാസം തിരുരക്തത്തിനായി പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നു. രക്ഷയുടെ ഉറവിടമായ തിരുരക്തത്തിൽ ആശ്രയിച്ച് ആത്മീയ പോരാട്ടത്തിൽ കരുത്തുള്ളവരാകാം.



*ഈശോയുടെ*
*തിരുരക്തമേ,*
*ഞങ്ങളെ കഴുകണമേ,*
*വിശുദ്ധീകരിക്കണമേ,*
*സംരക്ഷിക്കണമേ...*

**ദുക്റാന തിരുനാളിന്റെ ആശംസകൾ എല്ലാവർക്കും നേരുന്നു.**




പ്രിയപ്പെട്ടവരേ,

മാർതോമാശ്ലീഹായുടെ പുണ്യസ്മരണയ്ക്കു (ദുക്റാന) മുൻപിൽ ആ പിതാമഹന്റെ മക്കളായ ഭാരത ക്രൈസ്തവർ തർപ്പണം നടത്തുന്ന ദിവസമാണ് ജൂലൈ 3. എ.ഡി. 72-ാമാണ്ട് ജൂലൈ മാസം 3-ാം തിയതി ചിന്ന മലയിൽ വച്ച് മതതീവ്രവാദികളുടെ കുത്തേറ്റു മരിച്ച ആ പുണ്യപിതാവിന്റെ വിശ്വാസചൈതന്യമാണ് ഭാരതക്രൈസ്തവരുടെ ആത്മീയവെളിച്ചം. തന്റെ നെഞ്ചിൽ ആഴ്ന്നിറങ്ങിയ കുന്തത്തെ വിശ്വാസസാക്ഷ്യമായി സുവിശേഷത്തോടൊപ്പം കൈകളിലേന്തുന്ന തോമാശ്ലീഹ നൽകുന്ന പാഠത്തിന് കാലിക പ്രസക്തിയുണ്ട്. എതിർപ്പുകൾക്ക് സുവിശേഷത്തോളം മൂല്യമുണ്ട്. അതിന് സുവിശേഷത്തേയോ, സുവിശേഷമൂല്യങ്ങളേയോ പരാജയപ്പെടുത്താനാവില്ല. സുവിശേഷമുള്ള കാലത്തോളം അതിനെതിരായ ശത്രുക്കളും ഉണ്ടായിരിക്കും. തടസ്സങ്ങൾ സൃഷ്ടിക്കുന്നവരെ പേടിച്ച് സുവിശേഷം താഴെ വയ്ക്കരുതെന്ന ഓർമ്മപ്പെടുത്തലാണ് ദുക്റാന തിരുനാൾ നൽകുന്ന പാഠം.

നമുക്കും അവനോടൊപ്പം പോയി മരിക്കാം (യോഹ. 11:6) എന്ന തോമാശ്ലീഹായുടെ ധീരത വിശ്വാസത്തിന്റെ അവിഭാജ്യ ഘടകമാണ്. വിശ്വാസം എപ്പോഴും ത്യാഗം വിലയായി ആവശ്യപ്പെടാറുണ്ട്. നമുക്ക് താൽപ്പര്യമുള്ളതും നമ്മുടെ വിശ്വാസത്തെ എതിർക്കാത്തതുമായ ഭരണകൂടങ്ങൾ അധികാരത്തിൽ വരാൻ നമ്മൾ ആഗ്രഹിക്കുന്നതുപോലും വിശ്വാസത്തിനു വില കൊടുക്കാനുള്ള നമ്മുടെ വിമുഖത കൊണ്ടാണ്. എന്നാൽ, നമ്മെ വിശ്വാസത്തിൽ ആഴപ്പെടുത്താൻ ആഗ്രഹിക്കുന്ന ദൈവം എതിർപ്പിന്റെ ശക്തികളെ അധികാരകേന്ദ്രങ്ങളിൽ കൊണ്ടുവരും. മാർതോമായെപ്പോലെ വിശ്വാസത്തിനുവേണ്ടി മരിക്കാനും സന്നദ്ധരായ ശിഷ്യരെയാണ് കർത്താവിന് ആവശ്യമുള്ളത്. തോമാശ്ലീഹായുടെ ചങ്ക് പിളർന്ന കുന്തത്തിന് മൂർച്ച കൂട്ടാൻ പല എതിർപ്പുശക്തികളും പരിശ്രമിച്ചു കൊണ്ടിരിക്കുന്ന കാലഘട്ടത്തിലാണ് നമ്മൾ ജീവിക്കുന്നത് എന്നതു മറക്കാതിരിക്കാം.

രണ്ടാമതൊരു ദുക്റാന തിരുന്നാൾ കൂടെ കോവിഡ് വറുതിയിലൂടെ കടന്നുപോകുകയാണ്. ഈ രണ്ടാം തരംഗത്തിൽ രോഗബാധിതരായ സഹോദരങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കാം. അവരെ സഹായിക്കാം. പള്ളി നേരിട്ട് കുറേ സഹായങ്ങൾ ഇപ്രാവശ്യം ചെയ്തു. ചെയ്തുകൊണ്ടിരിക്കുന്നുമുണ്ട്. നമ്മുടെ പള്ളിയിലെ സംഘടനകളും പലതരത്തിൽ സഹായങ്ങൾ ചെയ്യുന്നുണ്ട്. നല്ലവരായ ഇടവകക്കാരുടെ ഉള്ളഴിഞ്ഞ സംഭാവനകൾ ഇതിനായി കിട്ടുന്നുമുണ്ട്. നമ്മുടെ വിശ്വാസം നമ്മെ പരസ്നേഹത്തിനായി നിർബന്ധിക്കുന്നു. സുവിശേഷമുള്ളിടത്ത് പരസ്നേഹമുണ്ടായിരിക്കും. കോവിഡിന്റെ ദുരിതകാലം സുവിശേഷസാക്ഷ്യത്തിന്റെ കാലമാക്കിമാറ്റാം. മാർതോമാശ്ലീഹാ തെളിച്ച യേശുമാർഗ്ഗം അതാണ്. ഏതു പ്രതിസന്ധിഘട്ടത്തിലും യേശുവിന്റെ സ്നേഹമാർഗ്ഗത്തിന് നമുക്ക് സാക്ഷികളാകാം.


ഏവർക്കും ദുക്റാന തിരുനാളാശംസകൾ!

സ്നേഹത്തോടെ,

**ഫാ. പയസ് ചിറപ്പണത്ത്**

വികാരിയച്ചൻ



| | | |
|---|---|---|
| 2 | വെള്ളി | മാസാദ്യവെള്ളി |
| 3 | ശനി | ദുക്റാന തിരുനാൾ |
| 6 | ചൊവ്വ | വി. മരിയ ഗൊരേത്തി |
| 10 | ശനി | മാർ ജെയിംസ് പഴയാറ്റിൽ ചരമവാർഷികം |
| 11 | ഞായർ | വി. ബെനഡിക്ട് |
| 16 | വെള്ളി | കർമ്മലമാതാവ് |
| 22 | വ്യാഴം | വി. മഗ്ദലേന മറിയം |
| 25 | ഞായർ | വി. യാക്കോബ് ശ്ലീഹ |
| 28 | ബുധൻ | വി. അൽഫോൻസാമ്മ |
| 29 | വ്യാഴം | വി. മർത്ത |
| 31 | ശനി | വി. ഇഗ്നേഷ്യസ് ലയോള |

|  | ദിവ്യബലി സമയം (ജൂലൈ) | |
|---|---|---|
| | കത്തീഡ്രൽ | സ്പിരിച്ചാലിറ്റി സെന്റർ |
| ഞായർ | 6.00am 7.30 am 9.00 am 10.30 | 6.30 am 8.00 am |
| തിങ്കൾ | 6.00am 7.15 am | 6.30 am 8.00 am |
| ചൊവ്വ | 6.00am 7.15 am | 6.30 am 8.00 am |
| ബുധൻ | 6.00am 7.15 am | 6.30 am 8.00 am |
| വ്യാഴം | 6.00am 7.15 am | 6.30 am 8.00 am |
| വെള്ളി | 6.00am 7.15 am | 6.30 am 8.00 am |
| ശനി | 6.00am 7.15 am | 6.30 am 8.00 am |

**ദിവ്യബലികൾ കോവിഡ്19 പ്രോട്ടോക്കോൾ പ്രകാരമായിരിക്കും നടത്തപ്പെടുക.**

# സംഘടനാ വാർത്തകൾ



## പരിശുദ്ധ കന്യകാമറിയത്തിന്റെ ജനനതിരുനാളും, എട്ട് നോമ്പാചരണവും

**2021 ആഗസ്റ്റ് 31 മുതൽ സെപ്തംബർ 8 വരെ**

കത്തീഡ്രൽ സി.എൽ.സി.യുടെ ആഭിമുഖ്യത്തിൽ മാതാവിന്റെ ജനനതിരുനാളും, എട്ട് നോമ്പാചരണവും ഭക്ത്യാദരപൂർവ്വം ആഘോഷിക്കുന്നു. നവനാളിന് ആരംഭം കുറിച്ച് ആഗസ്റ്റ് 31ന് രാവിലെ 7.15ന്റെ കുർബ്ബാനക്ക് ശേഷം വികാരി വെ. റവ. ഫാ. പയസ് ചിറപ്പണത്ത് തിരുനാൾ കൊടിയേറ്റം നിർവ്വഹിക്കുന്നു. തുടർന്ന് വരുന്ന ദിവസങ്ങളിൽ വൈകീട്ട് 6.30 വിശുദ്ധ കുർബാനയും, ഗ്രോട്ടോയിൽ ജപമാലയും ഉണ്ടായിരിക്കും. 8-ാം തിയ്യതി തിരുനാൾ ദിനത്തിൽ രാവിലെ 7.15ന് ആഘോഷമായ പാട്ടു ലദീഞ്ഞ് വി. കുർബ്ബാന, സന്ദേശം എന്നിവ ഉണ്ടായിരിക്കുന്നതായിരിക്കും.

തിരുനാളിനോടനുബന്ധിച്ച് ഇടവകയിലെ മേരി നാമധാരികളെ ആദരിക്കുന്നതിന്റെ ഭാഗമായി സി.എൽ.സി.യുടെ വകയായി 70 വയസ്സിന് മുകളിലുള്ള നാമധാരികൾക്ക് 1000 രൂപയുടെ ഗിഫ്റ്റ് കൂപ്പണുകൾ സമ്മാനമായി നൽകുന്നതായിരിക്കും.

ഈ 8 ദിവസങ്ങളിൽ നോമ്പ് എടുത്ത് ഒരുങ്ങി പരിശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥത്താൽ ദൈവാനുഗ്രഹം പ്രാപിക്കുവാൻ ഏവരെയും കത്തീഡ്രൽ സി.എൽ.സി. ക്ഷണിക്കുന്നു.

### ടാക്സ് ഫോഴ്സ്

ഇരിങ്ങാലക്കുട സെന്റ് തോമസ് കത്തീഡ്രലിന്റെ നേതൃത്വത്തിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിന് യുവജന സംഘടനകളുടെ പ്രതിനിധികൾ ചേർന്ന് CATHEDRAL TASK FORCE TEAM ന് രൂപം നൽകി.

ചിഞ്ചു ആന്റോ ചേറ്റുപുഴക്കാരൻ ജനറൽ കൺവീനറും, ക്ലിൻസ് പോളി പാറേക്കാടൻ ജോയിൻ കൺവീനറുമായി തെരഞ്ഞെടുക്കപ്പെട്ടു. ഇടവക 4 സോണായി തിരിച്ച് ഓരോ സോണിലും ഓരോ കൺവീനർമാർ ടാസ്ക് ഫോഴ്സ്ന് നേതൃത്വം നൽകുന്നു.



സെന്റ് തോമസ് സോൺ കൺവീനറായി തോബിയാസ് സൈമൺ, സെന്റ് ജോസഫ് സോൺ കൺവീനറായി റോബിൻ ഫ്രാൻസിസ്, ഡോൺബോസ്കോ സോൺ കൺവീനറായി ധനുസ് ജോർജ്, ക്രൈസ്റ്റ് സോൺ കൺവീനറായി കെവിൻ ജോസ് എന്നിവരെ തിരെഞ്ഞെടുത്തു.

ഇതുകൂടാതെ ഇടവകയിലെ കോവിഡ് മരണങ്ങളുടെ സംസ്കാരകർമ്മങ്ങൾ നിർവഹിക്കുന്നതിനായി ടാസ്ക് ഫോഴ്സ്ന്റെ Cremation Wing എന്ന രീതിയിൽ പ്രത്യേക ടീമിനെ തീരുമാനിച്ചു. സോജോ ജോയ് തൊടുപറമ്പിൽ, സഞ്ചു ആന്റോ ചേറ്റുപുഴക്കാരൻ ടീമിന്റെ നേതൃത്വം ഏറ്റെടുത്തു.

ലോക്ക് ഡൗൺ കാലങ്ങളിലും, ട്രിപ്പിൾ ലോക്ക് ഡൗൺ കാലങ്ങളിലും, ടാസ്ക് ഫോഴ്സ് ടീം അംഗങ്ങൾ ഇടവകയിലെ 50 ഓളം കുടുംബ ങ്ങൾക്ക് ഭക്ഷണവും മരുന്നുകളും വീടുകളിൽ എത്തിച്ചു നൽകി. അതോടൊപ്പം ഇടവകയിലെ കോവിഡ് മഹാമാരി മൂലം ദുരിതമനുഭവിക്കുന്ന വീടുകൾ യൂണിറ്റ് പ്രസിഡണ്ട്മാരുടെ സഹായത്തോടെ കണ്ടെത്തി ഇടവക, രൂപതാ നേതൃത്വത്തിൽ എത്തിച്ചു. അതോടൊപ്പം ഏകദേശം 200 ഓളം പേർക്ക് കൊവിഡ് വാക്സിൻ രജിസ്ട്രേഷൻ ചെയ്യാൻ സഹായിച്ചു,

ഇടവകയിൽ നടന്ന പതിനെട്ടാം വാർഡ് കൗൺസിലർ ജോസ് ചാക്കോളയുടെ ഉൾപ്പെടെ 8 ഓളം കോവിഡ് മരണ സംസ്കാരങ്ങൾക്ക് നേതൃത്വം വഹിച്ചു.

## പ്രൊഫഷണൽ സി. എൽ. സി.

### പൾസ് ഓക്സിമീറ്ററുകൾ വിതരണം ചെയ്തു

നമ്മുടെ ഇടവക കുടുംബ യൂണിറ്റിലെ



കൊറോണ രോഗം ബാധിച്ച രോഗികൾക്ക് കൃത്യമായ ഓക്സിജൻ നിർണ്ണയം നടത്തുന്ന ആവശ്യത്തിലേക്കായി പൾസ് ഓക്സിമീറ്ററുകൾ വാങ്ങി വികാരിയച്ചനെ ഏൽപ്പിച്ചു. അതോടൊപ്പം സി.എൽ.സി.യുടെ ആഭിമുഖ്യത്തിൽ ഡയബറ്റിക് റിസർച്ച് സെന്ററിൽ സൗജന്യമായി ഡയാലിസിസ് നടത്തുന്ന സാധു കുടുംബത്തിലെ രോഗികൾക്കും പൾസ് ഓക്സിമീറ്ററുകൾ വാങ്ങി ഹോസ്പിറ്റൽ അഡ്മിനിസ്ട്രേറ്റർക്ക് കൈമാറുകയും ചെയ്തു.

### സ്മാർട്ട് മൊബൈൽ



നമ്മുടെ ഇടവക സെന്റ് മേരീസ് ഹൈസ്കൂളിലെ നിർധനരായ വിദ്യാർത്ഥികൾക്ക് പഠന സൗകര്യത്തിനായി സ്മാർട്ട്ഫോണുകൾ വാങ്ങി വികാരിയച്ചൻ വഴി വിതരണം ചെയ്തു. ഇതിൽ സഹകരിച്ച എല്ലാവർക്കും..നന്ദി...നന്ദി..

## സി.എൽ.സി.

### നല്ല മാതാവേ - രൂപാലങ്കാര മത്സരം

കത്തീഡ്രൽ സി.എൽ.സി,യുടെ നേതൃത്വത്തിൽ മാതാവിന്റെ വണക്കമാസ ദിനാചരണത്തിന്റെ ഭാഗമായി ഇടവ കുടുംബാംഗങ്ങൾക്കായി മാതാവിന്റെ രൂപാലങ്കാര മത്സരം സംഘടിപ്പിക്കുകയുണ്ടായി. ഇടവകയിലെ എൺപതോളം കുടുംബാംഗങ്ങൾ പങ്കെടുത്ത മത്സരത്തിൽ ഒന്നാം സ്ഥാനം




നിമ്മി ഫ്രാൻസിസ് തൈകാളമുറി (ദനഹ യൂണിറ്റ്), രണ്ടാം സമ്മാനം സരിത ജയ്സൺ പൊന്തെക്കൻ (സെന്റ് മേരിസ് യൂണിറ്റ്), മൂന്നാം സമ്മാനം രേഷ്മ സൈമൺ കുറ്റിക്കാടൻ (മേരി റാണി യൂണിറ്റ്) എന്നിവർക്ക് ലഭിച്ചു. കൂടാതെ പങ്കെടുത്ത എല്ലാ കുടുംബാംഗങ്ങൾക്കും പ്രോത്സാഹന സമ്മാനങ്ങളും നൽകി. മത്സരങ്ങൾക്ക് കൺവീനർ മെൽവിൻ തോമസ്, നെൽസൻ കെ. പി., സിറിൽ പോൾ, ഷെറിൻ പോൾ എന്നിവർ നേതൃത്വം നൽകി.

### കോവിഡിന് ശേഷം അറിയേണ്ടതും ശ്രദ്ധിക്കേണ്ടതും

സി.എൽ.സി.യുടെ നേതൃത്വത്തിൽ, അന്തർ ദേശീയ ആരോഗ്യ പരിശീലകനും, ജീവിത രീതി കൺസൾട്ടന്റുമായ ഡോ. മനോജ് ജോൺസന്റെ അഭിമുഖ്യത്തിൽ കോവിഡിന് ശേഷം അറിയേണ്ടതും ശ്രദ്ധിക്കേണ്ടതും എന്ന വിഷയത്തിൽ ഇടവക ജനങ്ങൾക്കായ് വെബിനാർ സംഘടിപ്പിച്ചു. നൂറോളം പേർ പങ്കെടുത്ത ഈ വെബിനാറിൽ സി.എൽ.സി. വർക്കിംഗ് ഡയറക്ടർ സാംസൺ എലുവത്തിങ്കൽ സ്വാഗതം ആശംസിക്കുകയും, ഓർഗനൈസർ ജിജു കോട്ടോളി ഡോക്ടറെ പരിചയപ്പെടുത്തുകയും, പ്രസിഡന്റ് ക്ലിൻസ് പാറേക്കാടൻ നന്ദി പറയുകയും ചെയ്തു. പ്രോഗ്രാം കൺവീനർമാരായ ലിയോ ജോൺസൺ, അമൽ ജെറി എന്നിവർ നേതൃത്വം വഹിച്ചു.

**നോട്ട്ബുക്ക് ചലഞ്ച്**



കത്തീഡ്രൽ സി.എൽ.സി. വനിത വിങ്ങിന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്ന 'നോട്ട് ബുക്ക് ചലഞ്ച്'ന്റെ വിതരണോൽഘാടനം ഇരിങ്ങാലക്കുട സെന്റ് മേരീസ് ഹൈസ്കൂളിലേ ക്ക് പഠനോപകരണങ്ങളും സ്മാർട്ട്ഫോണും കൊടുത്തുകൊണ്ട് വർക്കിങ് ഡയറക്ടർ ഫാ. സാംസൺ എലുവത്തിങ്ങൾ നിർവ്വഹിച്ചു.

സെന്റ്മേരീസ് സ്കൂളിലെ പ്രിൻസിപ്പൽ മിൻസി ടീച്ചർ, പി.ടി.എ പ്രസിഡന്റ് ശ്രീ.തോമസ് കോട്ടോളി, ഓർഗനൈസർ ശ്രീ. ജിജു കോട്ടോളി, മോഡറേറ്റർ ശ്രീമതി റോസിലി ജെയിംസ്, പ്രോഗ്രാം കോർഡിനേറ്റർ ഷെറിൻ പോൾ, കൺവീനർമാരായ മെറിൻ, ആൻതെരേസ, സി.എൽ. സി. ജോയിന്റ് സെക്രട്ടറി മരിയ ബോബി എന്നിവരും സന്നിഹിതരായിരുന്നു.

വരും ദിവസങ്ങളിൽ ഇടവകയിലെ നിർധനരായ 200 വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്യുമെന്ന് സി.എൽ.സി. വനിത ഭാരവാഹികൾ അറിയിച്ചു.

**തണൽ**



കത്തീഡ്രൽ സി.എൽ.സി യുടെ ആഭിമുഖ്യത്തിൽ ഫാദേഴ്സ് ഡേ ദിനത്തിൽ ഇടവകയിലെ നാലും അതിൽ കൂടുതലും മക്കളുള്ള അപ്പച്ചമാരെ ആദരിക്കുകയുണ്ടായി. വർക്കിംഗ് ഡയറക്ടർ ഫാ സാംസൺ എലുവത്തിങ്കൽ, പ്രസിഡൻറ് ക്ലിൻസ് പാറേക്കാടൻ, ഓർഗനൈസർ ജിജു കോട്ടോളി, കൺവീനേഴ്സായ ജെയ്ഫിൻ ഫ്രാൻസിസ്, സിറിൾ പോൾ, ഷെറിൻ പോൾ, ലിയോ ജോൺസൻ, നിധിയ തങ്കച്ചൻ,പ്രീണ പീയുസ്, സാൽവിൻ ജോസഫ്, ഗ്രീനി ജോർജ്, അമൽ ജെറി എന്നിവർ നേതൃത്വം നൽകി.

**ഇലകട്രിസിറ്റി ബിൽ ചലഞ്ച്**



കത്തീഡ്രൽ സി. എൽ. സി. യുടെ നേതൃത്വത്തിൽ നടത്തപ്പെടുന്ന 'ഇലകട്രിസിറ്റി ബിൽ ചലഞ്ചി'ന്റെ പ്രവർത്തനോദ്ഘാടനം ഇരിങ്ങാലക്കുട സെന്റ് തോമാസ് കത്തീഡ്രൽ വികാരി റവ. ഫാ പയസ് ചെറപ്പണത്ത് നിർവ്വഹിച്ചു. കത്തീഡ്രൽ സി.എൽ.സി. വർക്കിംഗ് ഡയറക്ടർ ഫാ.സാംസൺ എലുവത്തിങ്കൽ, ഓർഗനൈസർ ശ്രീ. ജിജു കോട്ടോളി, പ്രസിഡന്റ് ക്ലിൻസ് പാറേക്കാടൻ, ട്രഷറർ ഷെറിൻ പോൾ, പ്രോഗ്രാം കോർഡിനേറ്റർ, കൺവീനർമാരായ ഡേവിസ് ഷാജു, അമൽ ബെന്നി എന്നിവരും സന്നിഹിതരായിരുന്നു.

## കെ.സി.വൈ.എം.

**പച്ചക്കറി കിറ്റ് വിതരണം**

കത്തീഡ്രൽ KCYM ന്റെ നേതൃത്വത്തിൽ അതിജീവനം പ്രോഗ്രാമിന്റെ ഭാഗമായി നേരിട്ട് കർഷകരിൽനിന്നും താങ്ങുവില നൽകി ശേഖരിച്ച പച്ചക്കറികൾ, ആയിരത്തോളം പച്ചക്കറി കിറ്റുകളാക്കി ഇരിഞ്ഞാലക്കുട ഇടവക യിലെ നിർധനരായകുടുംബങ്ങളിൽ എത്തിച്ചു.

ബഹുമാനപ്പെട്ട വികാരി ഫാ. പയസ് ചിറപ്പണത്ത്, KCYM അസിസ്റ്റൻറ് ഡയറക്ടർ ഫാ. ടോണി പാറേക്കാടൻ, പ്രസിഡണ്ട് ചിഞ്ചു ആന്റോ ചേറ്റുപുഴക്കാരൻ, ട്രഷറർ ജ്യൂറോ വർഗീസ്, കൺ



വീനർ സഞ്ജു ആന്റോ ചേറ്റുപുഴക്കാരൻ, ജോയിന്റ് കൺവീനർമാരായ സോജോ ജോയി തൊടുപറമ്പിൽ, ധനുസ് ജോർജ് എന്നിവർ പ്രോഗ്രാമിന് നതൃത്വം വഹിച്ചു.

ഇരിങ്ങാലക്കുടയിലെ സ്വാന്തന സദൻ, പ്രൊവിഡൻസ് ഹോം, ശാന്തി സദൻ എന്നിവിട ങ്ങളിലും, മുൻസിപ്പാലിറ്റി സാമൂഹിക അടുക്കള യിലും പച്ചക്കറികൾ നൽകി.

### സേവ് ലക്ഷദ്വീപ് ക്യാമ്പയിൻ

കത്തീഡ്രൽ KCYMന്റെ ആഭിമുഖ്യത്തിൽ സേവ് ലക്ഷദ്വീപ് ക്യാമ്പയിൻ നടത്തി. മലയാളിക ളോട് സാംസ്കാരികമായും, സാമൂഹികമായും, ഭാഷാപരമായും ഏറ്റവും അടുത്തു നിൽക്കുന്ന ലക്ഷദ്വീപിലെ ജനതയുടെ അതിജീവനഉദ്യമ ങ്ങൾക്കെതിരെ നടക്കുന്ന അടിച്ചമർത്തലുകൾ കണ്ടില്ലെന്ന് നടിക്കാൻ നമുക്കാകില്ല. അവർക്ക് നേരെയുള്ള അടിച്ചമർത്തലുകളിൽ നിശബ്ദരാ കാൻ നമുക്ക് കഴിയില്ല.

പുരോഗതിയുടെ പേരിലുള്ള ഫാസിസ്റ്റ് അജണ്ടകൾക്കെതിരെ ലക്ഷദ്വീപ് ജനതയ്ക്ക് ഇരിങ്ങാലക്കുട കത്തീഡ്രൽ KCYM ഐക്യ ദാർഢ്യം പ്രഖ്യാപിച്ചു.

### പുതുനാമ്പ്

കത്തീഡ്രൽ KCYMന്റെ ആഭിമുഖ്യത്തിൽ ജൂൺ 5 പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വീട്ടിലെ കൃഷി പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ പുൽനാമ്പ് എന്ന പദ്ധതിക്ക് രൂപം നൽകി.

പദ്ധതിയുടെ ഔദ്യോഗിക ഉദ്ഘാടനം ഇരിങ്ങാലക്കുട കത്തീഡ്രൽ KCYM ഡയറക്ടറും, വികാരിയുമായ റവ. ഫാ. പയസ്ചിറപ്പണത്ത് അച്ച നിൽ നിന്നും അസിസ്റ്റൻറ് ഡയറക്ടർ ഫാ. ടോണി പാറേക്കാടൻ, പ്രസിഡണ്ട് ചിഞ്ചു ആന്റോ ചേറ്റുപുഴക്കാരൻ എന്നിവർ വൃക്ഷത്തൈ സ്വീകരി ച്ചുകൊണ്ട് നിർവ്വഹിച്ചു. എക്സിക്യൂട്ടീവ് മെമ്പർ ജയ്സൺ, സംഘടനാംഗങ്ങളായ യേശുദാസ്, തോബിയാസ്, സൈമൺ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.



വികാരി പയസ് ചിറപ്പണത്ത് അച്ചന്റെ ജന്മദിനം കത്തീഡ്രൽ കെസിവൈ എം ന്റെ നേതൃത്വത്തിൽ പള്ളി അങ്കണത്തിൽ വൃക്ഷത്തൈ നട്ട് ആഘോഷിച്ചു.

അച്ചന്റെ പൗരോഹിത്യ ജീവിതം ഈ വൃക്ഷം പോലെ പടർന്നു പന്തലിക്കട്ടെ എന്ന് അസിസ്റ്റൻറ് കെസിവൈഎം ഡയറക്ടർ, ഫാ. ടോണി പാറേക്കാടൻ ആശംസിച്ചു. പ്രസിഡൻറ് ചിഞ്ചു ആൻറോ ചേറ്റുപുഴക്കാരൻ, എക്സിക്യൂ ട്ടീവ് അംഗം ജയ്സൺ, അംഗങ്ങളായ തോബി യാസ് സൈമൺ, യേശുദാസ് എന്നിവർ അച്ചന് ആശംസകൾ അർപ്പിച്ച് സംസാരിച്ചു.

കത്തീഡ്രൽ KCYMന്റെ ആഭിമുഖ്യത്തിൽ പുതുനാമ്പ് പദ്ധതിയോടനുബന്ധിച്ച് ആരോഗ്യ ഭക്ഷണം എല്ലാ വീട്ടിലും എത്തിക്കുന്നതിനായി, കത്തീഡ്രൽ KCYM ആരംഭിച്ച സ്വർണ്ണമുഖി വാഴക്കന്നുകളുടെ വിതരണ ഉദ്ഘാടനം വികാരി ഫാ. പയസ് ചിറപ്പണത്തും, കെസിവൈഎം ഡയറക്ടർ ഫാ. ടോണി പാറേക്കാടനും ചേർന്ന്, പള്ളി കൈക്കാരൻ ജിയോ പോൾ തട്ടിലിന് നൽകി നിർവഹിച്ചു.

പദ്ധതിയിൽ അംഗമാകാൻ താല്പര്യ മുള്ളവർ KCYM അംഗങ്ങളുമായി ബന്ധപ്പെടുക. കൺവീനർ, കിരൺ വർഗീസ് കോട്ടോളി (9207479863), ജോയിൻ കൺവീനർമാർ, ധനുസ് ജോർജ് നെടുമറ്റത്തിൽ (7994914212), പ്രസിഡണ്ട്, ചിഞ്ചു ആൻറോ ചേറ്റുപുഴക്കാരൻ (9020588007)

## കത്തോലിക്ക കോൺഗ്രസ്

ന്യൂനപക്ഷ ക്ഷേമപദ്ധതികളുടെ ഭാഗമായി ആനുകൂല്യവിഭജനത്തിലെ 80:20 എന്ന വിവേചന പരമായ അനുപാതത്തോടൊപ്പം, 2008, 2011, 2015 വർഷങ്ങളിലെ സർക്കാർ ഉത്തരവ് റദ്ദാക്കിയ ഹൈക്കോടതി വിധി കത്തീഡ്രൽ കത്തോലിക്ക കോൺഗ്രസ് എക്സിക്യൂട്ടീവ് യോഗം സ്വാഗതം ചെയ്തു.

വികാരി ഫാ. പയസ് ചിറപ്പണത്ത് ഉദ്ഘാടനം നിർവ്വഹിച്ച യോഗത്തിൽ പ്രസിഡന്റ് ശ്രീ. ഡേവിസ് ചക്കാലക്കൽ അദ്ധ്യക്ഷത വഹിച്ചു. കോടതിവിധി എത്രയും വേഗം പ്രാബല്യത്തിൽ കൊണ്ടുവരാൻ സർക്കാർ തയ്യാറാകണമെന്ന് വികാരിയച്ചൻ ഉദ്ഘാടനപ്രസംഗത്തിൽ ആവശ്യപ്പെട്ടു.

കോടതിവിധി നടപ്പിലാക്കുന്നതിനായി ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതികൾ കൊണ്ടുവരണമെന്ന് പ്രമേയത്തിലൂടെ യോഗം ആവശ്യപ്പെട്ടു.

സെക്രട്ടറി ശ്രീമതി ഷേർളി ജാക്സൻ, ട്രഷറർ ശ്രീ. വിൻസൻ കോമ്പാറക്കാരൻ, വൈ. പ്രസിഡന്റ് ശ്രീമതി ബേബി ജോയ്, ജോ. സെക്രട്ടറി വർഗ്ഗീസ് ജോൺ, ശ്രീ. ജോഷി എടത്തിരുത്തിക്കാരൻ, ശ്രീമതി ഓമന ജോഷി എന്നിവർ പ്രസംഗിച്ചു.

## പ്രീകാന കോഴ്സ്

**പാക്സ്, കല്ലേറ്റുംകര 680 683**

**Ph : 0480 2880439, 2880878**

| | | |
|---|---|---|
| ജൂലൈ | 5,6 | 19,20 |
| ആഗസ്റ്റ് | 2,3 | 16,17 |
| സെപ്തംബർ | 6,7 | |

പ്രീകാനയ്ക്ക് പോകുന്നവർ മുൻകൂട്ടി
രജിസ്റ്റർ ചെയ്യണം.
ഇതിന്റെ കാലാവധി 5 വർഷമാണ്.

## പരിശുദ്ധാത്മാവിനോടുള്ള നൊവേന

പരിശുദ്ധാത്മാവേ, എനിക്ക് എല്ലാം വെളിപ്പെടുത്തുകയും എനിക്ക് വഴി കാണിച്ചുതരികയും എന്നോടു മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാൻ കഴിയുന്ന ദൈവിക ദാനം തരികയും എന്റെ ജീവിതത്തിൽ എന്റെ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേയ്ക്ക് ഞാൻ നന്ദി പറയുന്നു. എത്ര വലിയ ഭൗതിക ആഗ്രഹങ്ങൾ എന്നിൽ ഉണ്ടായാലും ഒരുനിമിഷം പോലും അങ്ങയിൽനിന്ന് അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല എന്ന് ഞാൻ തീർത്ത് പറയുന്നു. നിത്യ മഹത്വത്തിൽ അങ്ങയോടുകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവഹിതത്തിന് വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോട് ചോദിക്കുന്നു. (ആവശ്യം പറയുക) ഈ പ്രാർത്ഥന വിശ്വാസത്തോടെ മൂന്നുദിവസം അടുപ്പിച്ച് പ്രാർത്ഥിക്കുക. മൂന്നുദിവസത്തിനു ശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും. പരിശുദ്ധാത്മാവിന്റെ അനുഗ്രഹത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ.

39986 **റോസ് അബ്രാഹം**

## പരിശുദ്ധാത്മാവിനോടുള്ള നൊവേന

പരിശുദ്ധാത്മാവേ, എനിക്ക് എല്ലാം വെളിപ്പെടുത്തുകയും എനിക്ക് വഴി കാണിച്ചുതരികയും എന്നോടു മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാൻ കഴിയുന്ന ദൈവിക ദാനം തരികയും എന്റെ ജീവിതത്തിൽ എന്റെ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേയ്ക്ക് ഞാൻ നന്ദി പറയുന്നു. എത്ര വലിയ ഭൗതിക ആഗ്രഹങ്ങൾ എന്നിൽ ഉണ്ടായാലും ഒരുനിമിഷം പോലും അങ്ങയിൽനിന്ന് അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല എന്ന് ഞാൻ തീർത്ത് പറയുന്നു. നിത്യ മഹത്വത്തിൽ അങ്ങയോടുകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവഹിതത്തിന് വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോട് ചോദിക്കുന്നു. (ആവശ്യം പറയുക) ഈ പ്രാർത്ഥന വിശ്വാസത്തോടെ മൂന്നുദിവസം അടുപ്പിച്ച് പ്രാർത്ഥിക്കുക. മൂന്നുദിവസത്തിനുശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും. പരിശുദ്ധാത്മാവിന്റെ അനുഗ്രഹത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ.

41143 **ആശ ബാബു**

**എന്റെ കോപത്തിൽ ഞാൻ നിന്നെ പ്രഹരിച്ചു.**
**എന്നാൽ എന്റെ കരുണയിൽ ഞാൻ നിന്നോട് കൃപ ചെയ്തു.**
(ഏശ. 60:10)




# മദ്യപാനം സർക്കാരിനു ലാഭകരം വിശ്വാസം സർക്കാരിനു ഹാനികരം

'ദേവാലയങ്ങൾ തുറക്കാൻ പാടില്ലാത്രേ, കോവിഡ് പകരും. എന്നാൽ ബാറുകളും ബിവറേജുകളും തുറന്നാൽ കോവിഡ് വരില്ല. മദ്യം വാങ്ങാൻ ആളുകൾ കിലോമീറ്ററുകളോളം മുട്ടിയുരുമ്മി നിന്നാൽ കോവിഡ് വൈറസ് പേടിച്ചോടും. സർക്കാരിന്റെ പുതിയ കണ്ടുപിടുത്തം കൊള്ളാം'. മത്തായി ചേട്ടൻ ആരോടന്നില്ലാതെ പറഞ്ഞു.

കഴിഞ്ഞ ഒന്നര, രണ്ട് മാസം ലോക്ഡൗണായപ്പോൾ ഇവൻമാർ എന്തുചെയ്തു? എങ്ങനെ കുടിച്ചു? അപ്പോ മദ്യ ലഭ്യത കുറഞ്ഞാൽ കുടി തന്നെ കുറയും, നിൽക്കും. എന്നാൽ മദ്യം കിട്ടി തുടങ്ങിയപ്പോൾ വിധം മാറി. പലരും പുലികളായി. ഷാപ്പുകൾ തുറക്കും എന്ന വാർത്ത പലർക്കും ആവേശമായി. ഉള്ളിലെ സ്പിരിറ്റ് തന്നെ ഉണർന്നു.. മദ്യം വാങ്ങാൻ എത്ര കഷ്ടപ്പാട് സഹിക്കാനും പലരും റെഡി.

ഒറ്റദിവസം കൊണ്ട് 51 കോടി രൂപയുടെ മദ്യമാണ് വിറ്റത്. സർക്കാർ ഖജനാവിലേക്ക് എത്ര കാശു കിട്ടി. അതായത് 'മദ്യപാനം സർക്കാരിനു ലാഭകരം'. കിറ്റുകൊടുക്കാനും, പെൻഷൻ കൊടുക്കാനും, കയ്യിട്ടുവാരാനും പണം വേണ്ടേ? അപ്പോൾ പിന്നെ മദ്യശാലകൾ തുറന്നതിൽ തെറ്റ് പറയാൻ പറ്റോ?

പിന്നെ വിശ്വാസികളുടെ കാര്യം, അവറ്റകൾ കുടിക്കില്ല. കുടിയന്മാരെ ഇഷ്ടമല്ല. കുടിയൻമാർ മാനസാന്തരപ്പെടാനും ഷാപ്പുകൾ പൂട്ടാനും നിരന്തരം പ്രാർത്ഥിക്കും. അതുകൊണ്ട് പള്ളി തുറന്നാൽ കുടിയന്മാർ മാനസാന്തരപ്പെട്ട് സർക്കാരിന്റെ വരുമാനം നിലക്കും. 'വിശ്വാസം സർക്കാരിനു ഹാനികരം'.


വീട്ടിൽ കഞ്ഞി വച്ചില്ലെങ്കിലും അവർ കുടിക്കാൻ പണം കണ്ടെത്തും. ഷാപ്പുകൾ വീണ്ടും തുറന്നപ്പോൾ പുത്തനുടുപ്പും ബാഗുമിട്ട് സ്കൂളിൽ പോകുന്ന കുട്ടിയുടെ തീക്ഷ്ണതയോടെയാണ് പലരും ക്യൂവിൽ നിൽക്കുന്നത്.

നാടിന്റെ വികസനത്തിനു ശരിക്കും കുടിയന്മാരല്ലേ സംഭാവന നൽകുന്നത്. തങ്ങളുടെ സമ്പത്തിന്റെ ഒരു വിഹിതം കൃത്യമായി അവർ ബിവറേജ് കോർപറേഷന് കൊടുക്കുന്നു. അതും നിയമങ്ങളോ നിർബന്ധങ്ങളോ ഇല്ലാതെ സ്വമനസ്സാ. പിന്നെ കാശില്ലെങ്കിൽ ഭാര്യയുടെ കെട്ടുതാലി വിറ്റുപോലും അവർ കുടിക്കാൻ കാശു മുടക്കും. വിശ്വാസികൾ അങ്ങനെയല്ലല്ലോ. അവർ എന്നും പള്ളിയിൽ പോകുന്നു. പ്രാർത്ഥിക്കുന്നു. അവർക്ക് ക്യൂ നിൽക്കണ്ട. ക്യൂ നിൽക്കാൻ നേരത്തെ വരണ്ട. വെയിലും മഴയും കൊള്ളണ്ട. പിന്നെ കുപ്പി വാങ്ങാനുള്ള പൈസക്ക് വേണ്ടി ടെൻഷൻ അടിക്കണ്ട. എല്ലാത്തിനും ഉപരി നാടിന്റെ വികസനത്തിൽ പങ്കാളിയാവണ്ട. പ്രാർത്ഥന മാത്രം. പ്രാർത്ഥിച്ചു ഷാപ്പുകൾ പൂട്ടിക്കുക.. കുടിയന്മാരെ മനസാന്തരപ്പെടുത്തുക.. അതിനാൽ


'മദ്യപാനം സർക്കാരിനു ലാഭകരം
വിശ്വാസം സർക്കാരിനു ഹാനികരം'.

സ്നേഹപൂർവ്വം,

**ജിജിയച്ചൻ**


40th Wedding Anniversary
21.06.1981-21.06.2021
MR. C.D ANTONY & MRS. LEELA ANTONY
Chittilappilly House, Madathikkara Lane
Congratulation & Prayer from :
Childrens
Finto & Shina
Fany & Linto
Fredin Antony
Grand Childrens
Levin
Sera
Levia
Leyin



# ഉപകാരസ്മരണ

## വാഴ്ത്തപ്പെട്ട
## ദേവസഹായം പിള്ളയുടെ
## മാദ്ധ്യസ്ഥതയിൽ ഉദ്ദിഷ്ടകാര്യം
## സാധിച്ചതിന് കൃതജ്ഞത

Thressiamma Varghese,
Parakkal Achengaden
Azad Road, Irinjalakuda

**മരിയൻ യൂണിറ്റ്**

+91 9745538344
www.arkenergia.co.in
arkenergia20@gmail.com

# A R K Energia

Energise. Enable. Empower



## A NEW PHASE IN SOLAR POWER

**LOWER YOUR ENERGY COSTS THROUGH YOUR ON SOLAR POWER PLANTS**

**we build ongrid - off grid power solutions as per your requirment of present / future.**

**കനത്ത വൈദ്യുതി ബില്ലിൽനിന്നും നിങ്ങൾക്കൊരു മോചനം**

നിങ്ങൾക്കാവശ്യമായ ഗാർഹിക / വ്യാവസായിക സോളാർ പ്ലാന്റുകൾ
ഉത്തരവാദിത്വത്തോടെ, 30 വർഷം പ്രവർത്തന ഗ്യാരണ്ടിയോടെ
നിർമ്മിച്ചു നൽകപ്പെടുന്നു.

DOOR No. 178/18, IRINJALAKUDA, PIN : 680 121, KERALA, INDIA


ISC BANK
ഇരിങ്ങാലക്കുട സർവ്വീസ് സഹകരണ ബാങ്ക്
LTD NO 594
CLASS-1 SUPER GRADE BANK
ബ്രാഞ്ചുകൾ:
ഹെഡ് ഓഫീസ്/ മെയിൻ ബ്രാഞ്ച് 0480 2822535, 2832535
AKP ജംഗ്ഷൻ 0480 2832809
കാരുകുളങ്ങര 0480 2825250
ചേലൂർ/പൂച്ചക്കുളം 0480 2824015
കാട്ടുങ്ങച്ചിറ 0480 2832331
ഗാന്ധിഗ്രാം 0480 2822594
പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ച ക്ലാസ്സ്-1 സൂപ്പർഗ്രേഡ് ബാങ്ക്
സേഫ് ഡെപ്പോസിറ്റ് ലോക്കർ സൗകര്യം
മെയിൻ ബ്രാഞ്ച് രാവിലെ 8 മുതൽ രാത്രി 8 വരെ പ്രവർത്തിക്കുന്നു
വിവിധങ്ങളായ ആവശ്യങ്ങൾക്കായി 50 ലക്ഷം രൂപവരെ വായ്പ സൗകര്യം
4 നീതി മെഡിക്കൽ സ്റ്റോറുകൾ, 1 നീതി സൂപ്പർമാർക്കറ്റ്, 1 ഫുള്ളിഓട്ടോമാറ്റിക് നീതി ലബോറട്ടറി, 1 നീതി പെറ്റിക്കൽസ്
RTGS/NEFT, WESTERN UNION MONEY TRANSFER
72 വർഷത്തെ മികച്ച സേവനവുമായി ജനങ്ങളിലേയ്ക്ക്

# സ്നേഹസ്മരണയ്ക്ക്

6-ാം ചരമവാർഷികം

18.07.2021



## ആലപ്പാട്ട് കീറ്റീക്കൽ തോമസ്

## ഭാര്യ മേരി

**ജനനം : 08.11.1934** **മരണം : 18.07.2015**

"നിങ്ങളുടെ വിലയേറിയ പ്രാർത്ഥനകളിൽ എന്നെയും ഓർക്കണമേ"

പാവനസ്മരണയ്ക്ക്



**വാടയിൽ മത്തായി ദേവസ്സിക്കുട്ടി**

മരണം : 03. 07. 1989

**വാടയിൽ ദേവസ്സിക്കുട്ടി ശോശന്നം**

മരണം : 04. 11. 1983





**വാടയിൽ ദേവസ്സി**

**മകൻ അന്തോണി**

മരണം : 26. 03. 2018







**വാടയിൽ ജോസഫ് ജിമ്മി**

മരണം : 22. 06. 2003

**കള്ളാപറമ്പിൽ ജോണി റോസിലി**

(വാടയിൽ ദേവസ്സി മകൾ)

മരണം :26. 04. 2013

*നിങ്ങളുടെ പ്രാർത്ഥനകളിൽ ഞങ്ങളെയും ഓർക്കണമെ...*

കോമ്പാറ ഈസ്റ്റ്, ഇരിങ്ങാലക്കുട



# 13–ാം ചരമവാർഷികം

04.07.2021







ചിറയത്ത് ആഴ്ചങ്ങാടൻ ജോസഫ് മകൻ

## എ.ജെ. ജോളി

ജനനം: 03.03.1945 മരണം: 04.07.2008

എന്നും പകരം വെക്കാനാകാത്ത സ്നേഹ സാന്നിദ്ധ്യമായിരുന്നു......

കരുതലും കാര്യഗൗരവവും ഉള്ള ഒരു സ്നേഹത്തണൽ.......

പങ്കുവെച്ചത് മനസ്സറിഞ്ഞായിരുന്നു. പകുത്തു നൽകിയത് കൈയ്യയച്ചും.......

നന്മ ചെയ്തവർക്കുള്ള ഇടം തേടി സ്വർഗ്ഗത്തിലേക്കുള്ള യാത്രയിൽ നമുക്കും പ്രാർത്ഥനകളൊരുക്കാം.

ഇപ്പോഴും ഓർമ്മകളിൽ... ഭാര്യ, മക്കൾ, മരുമക്കൾ, പേരക്കുട്ടികൾ, സഹോദരങ്ങൾ

## 4–ാം ചരമവാർഷികം
**30.07.2021**



# ബിന്ദു ഡേവീസ്

**കിഴക്കുംപാട്ടുകര, തൃശൂർ**

വേർപാടിന്റെ ദുഃഖ സ്മരണകളോടെ : ആന്റണി ഡേവീസ്, ഡാനിയേൽ ഡേവീസ്

പ്രാർത്ഥനാ മലരുകൾ നേർന്നുകൊണ്ട് സ്വർഗ്ഗത്തിലും ഞങ്ങളുടെ മനസ്സിലും

*നീ സ്നേഹിച്ചവരും നിന്നെ സ്നേഹിച്ചവരും*

ചിറ്റിലപ്പിള്ളി ജോസിന്റെയും ജോർജ്ജിന്റെയും കുടുംബാംഗങ്ങൾ
ഇരിങ്ങാലക്കുട



# മൂന്നാം തരംഗം വരട്ടെ!!!

കരുതലിന്റെ ദിനങ്ങൾ അവസാനിച്ച് പുറത്തിറങ്ങി ഉറ്റവരുടെയും സ്നേഹിതരുടെയും പരിചയക്കാരുടെയും സൗഹൃദം തേടി എല്ലാവരും തിരക്കിലാണ് ഈ നാളുകളിൽ. എന്നാൽ ഭീതി അകന്നിട്ടില്ല. മൂന്നാം തരംഗം വരുമെന്നും ഇല്ലെന്നും വാദമുഖങ്ങൾ വാർത്താമാധ്യമങ്ങളിൽ അന്തിചർച്ചയ്ക്കു വിഷയമാകുമ്പോൾ ഉള്ളിൽ അല്പം നീറ്റൽ ബാക്കിയാവുന്നുണ്ട്. പൊലിഞ്ഞുപോയ ജീവിതങ്ങൾ സർക്കാർകണക്കിൽപോലും മൂന്നിലൊന്നും നാലിലൊന്നും മാത്രം പുറത്തു വരുമ്പോൾതന്നെ ദൈവത്തിന്റെ സ്വന്തം നാട് കാലന് തീറ് എഴുതി വച്ച് കൊടുത്തതുപോലെയാണ് മരണം വിളയാടുന്നത്. ആശ്വസിക്കാൻ ഇനിയും തരമില്ല. ലോക്ക് തുറന്നതും നീണ്ട നിരകൾ ബിവറേജിന്റെ മുന്നിൽ നിരന്നത് കണ്ടപ്പോൾ ഒരു നേരത്തെ അന്നം കിട്ടാൻ ഇല്ലാതെ പാതയോരത്തും വഴിയരികിലും കഴിച്ചുകൂട്ടിയവരെ ഓർമ്മവന്നു. ദൈവാലയങ്ങളിൽ കൂടുതൽ കൊറോണ വ്യാപനം ഉണ്ടാകാൻ ഇടയുണ്ടെന്ന് സർക്കാർ. മദ്യമാണ് മുഖ്യം എന്ന് മുഖ്യൻ. പച്ചയും മഞ്ഞയും വെള്ളയും കറുപ്പുമായി ഫംഗസുകൾ മനുഷ്യമാംസത്തിൽ പോരാട്ടം തുടരുമ്പോൾ ബാക്കിയാവുന്നത് വീണ്ടും കുറേ ആകുലതകളും അസ്വസ്ഥതകളും മാത്രം.

അസ്വസ്ഥതകൾ മനസ്സിൽ ആർത്തലച്ചു പെയ്യുമ്പോഴും ആശ്വാസം തരുന്നത് ചില നല്ല മനസ്സുകളുടെ കാരുണ്യപ്രവാഹമാണ്. പഠിക്കാൻ ഒരു കുട്ടിക്ക് മൊബൈൽ ഫോൺ ഇല്ലെന്നു പറഞ്ഞപ്പോഴേക്കും 20 മൊബൈൽ ഫോൺ തന്ന ഔദാര്യത്തിന്റെ ആൾരൂപങ്ങൾ ജീവിച്ചിരിക്കുന്നു എന്നത് ഒരു പ്രത്യാശ പകരുന്നുണ്ട്. മൂന്നാം തരംഗം കോവിഡിന്റെതാകില്ല എന്നുറപ്പുണ്ട്. കാരുണ്യം നിറഞ്ഞ് തുളുമ്പുന്ന മനുഷ്യമനസ്സുകൾ കളം നിറഞ്ഞ് നിൽക്കുമ്പോൾ തോറ്റുപോകും ഏത് മഹാമാരിയും. കാരുണ്യത്തിന്റെ ഒരു പ്രതിരോധം തീർക്കാൻ കത്തീഡ്രൽ സി.എൽ.സി.യോടൊപ്പം നടത്തിയ ചില നന്മകൾ മനസ്സിൽ മായാതെ നിൽപ്പുണ്ട്. ചോദിച്ച വാതിലുകൾ എല്ലാം തുറന്നു. നന്മരങ്ങൾ ഇനിയും കട പുഴകിയിട്ടില്ല. ഈ മൂന്നാം തരംഗം കാരുണ്യത്തിന്റേതാകട്ടെ, കരുതലോടെ മുന്നോട്ട് നീങ്ങുമ്പോൾ ആശ്വാസം പകരാൻ ചില വഴിയമ്പലങ്ങൾ കണക്കെ ചില ഇടങ്ങൾ ഉണ്ട് എന്നുള്ളതാണ് ജീവിക്കാനുള്ള ഊർജ്ജം.

കൂട്ടുകാരോട് ഒരു വാക്ക്, സ്ലെയിറ്റും പെൻസിലും കുട്ടിബാഗും തൂക്കി പള്ളിക്കൂടത്തിൽ പോയ കാലം ഇനി എന്നുവരും എന്നറിയില്ല. മൊബൈൽ സ്ക്രീനിൽ അടുത്ത് കാണുന്ന കൂട്ടുകാരോട് സുഖമാണോ എന്നും വിശപ്പ് ഒക്കെ മാറാൻ വിധം ഭക്ഷണം കിട്ടുന്നുണ്ടോ എന്നും ചോദിക്കാൻ മറക്കല്ലേ. സ്നേഹാന്വേഷണങ്ങൾ ഓൺലൈനിലൂടെ ആകുമ്പോൾ സ്നേഹം അറ്റ് പോകാതെ കാക്കണേ തമ്പുരാനേ... ശരീരങ്ങൾ മാത്രമേ അകലെ നിൽക്കുമ്പോൾ മനസ്സിലെ സ്നേഹപ്രകരണങ്ങൾ കൂട്ടുകാരന്റെ ഹൃദയത്തോളം നമ്മെ കൊണ്ടുചെന്നെത്തിക്കട്ടെ. സ്നേഹത്തിന്റെ, കരുതലിന്റെ, കാരുണ്യത്തിന്റെ ഈ വറ്റാത്ത നീരുറവ ഏത് മഹാമാരിയെയും അതിജീവിക്കാൻ നമുക്ക് ശക്തി തരും തീർച്ച. ക്രൂശിതന്റെ കരം പിടിച്ച് ഒരു നല്ല നാളേക്കായി നമുക്ക് കരം ഉയർത്താം. അടച്ചിട്ട ദൈവാലയങ്ങൾ ഹൃദയത്തിൽ നൊമ്പരം പടർത്തുമ്പോഴും ഹൃദയമാകുന്ന ദൈവാലയങ്ങൾ നമുക്ക് തുറന്നിടാം. ചേക്കേറാൻ ഇടം കാത്ത്, മുട്ടാൻ വാതിലുകൾ തിരഞ്ഞ്, ഒട്ടിയ വയറുമായി കാത്ത് നിൽപ്പുണ്ട് അതേ ക്രിസ്തുതന്നെ. മൂന്നാം തരംഗം വരട്ടെ കാരുണ്യത്തിന്റെ... കരുതലിന്റെ... ആമ്മേൻ.

**സാംസണച്ചൻ**




## അജ്ഞാത ലോകത്തെ കൊച്ചുവർത്തമാനങ്ങൾ

സാമൂഹിക ജീവിയായ മനുഷ്യനെ മുറികളിലേക്ക് ഉൾവലിയുവാനും അടച്ചുപൂട്ടി ഇരിക്കുവാനും ഈ മഹാമാരി കാലഘട്ടം നിർബന്ധിച്ചു, പഠിപ്പിച്ചു. ഒറ്റയ്ക്കാകുന്നത് ഒട്ടും ഇഷ്ടമല്ലാത്ത അവൻ കൂട്ടുകെട്ടുകളും കൂട്ടായ്മകളും അന്വേഷിച്ചു. എന്നാൽ അത് Realityൽ ആയിരുന്നില്ല. അജ്ഞാതമായ Virtual ലോകത്ത് ആയിരുന്നു. മനുഷ്യനെ ഊർജ്ജവാനാക്കിയിരുത്താൻ നിരാശയിലേക്ക് അധികം കൂപ്പുകുത്താതെ നോക്കുവാൻ ഈ Virtual ലോകം വലിയ പങ്കുവഹിച്ചു എന്നുള്ളത് സത്യമാണ്. എന്നാൽ യഥാർത്ഥ്യത്തേക്കാൾ ഉന്നതമാണ് Virtual ലോകം എന്നുള്ള ചിന്ത നമ്മിൽ പലരിലും രൂപമെടുക്കുവാൻ തുടങ്ങിയിരിക്കുന്നു. ഇത് വലിയ ആപത്താണ്. സമൂഹമാധ്യമങ്ങളിലെ പുതുതായ് പിറവിയെടുത്ത അവതാരമാണ് നമുക്ക് സുപരിചതമായ 'ക്ലബ് ഹൗസ്'.

എല്ലാറ്റിനും അതിന്റേതായ നന്മയും തിന്മയും ഉണ്ടെന്ന് പറയുന്നതുപോലെ ക്ലബ് ഹൗസിനും ഉണ്ട് പ്രത്യേകതകൾ. പ്രശസ്തരായ നിരൂപകർ, എഴുത്തുകാർ തുടങ്ങിയവരുമായി ചർച്ചകൾ നടത്തുവാനും പുതിയ അറിവുകൾ സ്വന്തമാക്കുവാനും ഇത് സഹായകരമാണ്.

ഇതിന് മറ്റൊരു മുഖം കൂടിയുണ്ട്. സമൂഹത്തിൽ വളരെ 'സെൻസിറ്റീവ്' ആയ കാര്യങ്ങളെക്കുറിച്ച് – വിശ്വാസം, മതം, കുടുംബം, ആചാരങ്ങൾ – ഒരു അടിസ്ഥാന അറിവുപോലും ഇല്ലാത്ത തങ്ങളുടെ വ്യക്തിപരമായ കാഴ്ചപ്പാടുകൾ മാത്രമാണ് ശരി എന്ന് വരുത്തിതീർക്കുന്ന ചർച്ചകളും സംവാദങ്ങളും ക്ലബ് ഹൗസിലൂടെ നടത്തുമ്പോൾ അത് അറിവ് ആഗ്രഹിക്കുന്ന കുട്ടികൾക്കും യുവാക്കൾക്കും സമ്മാനിക്കുന്നത് അന്ധകാരമാണ്. യഥാർത്ഥത്തെ മനസ്സിലാക്കുവാൻ സാധിക്കാത്തവരായി, സത്യം അറിയാത്തവരായി അവർ മാറുന്നു.

മാത്രമല്ല ഇത്തരം ചർച്ചകൾ സംഘടിപ്പിക്കുന്നവരാകട്ടെ ആരോഗ്യപരമായ ചർച്ചയല്ല ആഗ്രഹിക്കുന്നത്, തങ്ങളുടെ കാഴ്ചപ്പാടുകൾ അടിച്ചേൽപ്പിക്കുവാൻ ഒരു വേദിയാണ്.

അതിനാൽ അമിതമായ പ്രാധാന്യം ഇതുപോലുള്ള മാധ്യമങ്ങൾക്ക് നൽകുന്നത് വലിയ വിപത്താണ്. മാത്രമല്ല, സഭാപരവും വിശ്വാസപരവുമായ സംശയങ്ങൾ നിരാഹരിക്കേണ്ടത് സഭയോട് ചോദിച്ചിട്ടാണ്. ഉത്ഥിതനായ ക്രിസ്തുവിനെക്കുറിച്ചുള്ള സംശയം തോമസ് ശ്ലീഹ തീർത്തത് ക്രിസ്തുവിനോട് ചോദിച്ചു തന്നെയാണ് എന്ന് നാം മറക്കരുത്.

സത്യാന്വേഷികളായി നമുക്ക് വഴിയും സത്യവും ജീവനുമായ ക്രിസ്തുവിന്റെ പാത പിന്തുടരാം.

സ്നേഹപൂർവ്വം

**ടോണിയച്ചൻ**




# ശോ... ഈ ഓൺലൈൻ ക്ലാസ്സ് മടുത്തു

പ്രിയ കൂട്ടുകാരേ,


കഴിഞ്ഞ ഒരു വർഷം ടി.വി.യിലും മൊബൈലിലുമായി ആകെ മടുത്ത് ക്ഷീണിച്ചിരിക്കാർന്നു. ദേ പിന്നേം ഓൺലൈൻ ക്ലാസ്സ്. ഈ വർഷവും തുടക്കം ഓൺലൈൻ ക്ലാസ്സ്. ഈ ഒരു മനോഭാവമാണ് ഒട്ടുമിക്ക കുട്ടികളുടെയും മനസ്സിൽ. നമ്മുടെ വിദ്യാഭ്യാസരംഗവും മറ്റുമെല്ലാം തീർത്തും ആധുനികവൽക്കരിക്കപ്പെട്ടു എന്നുവേണം ഇതിൽനിന്ന് കരുതാൻ. ഒരൊറ്റ സ്ഥാപനം പോലും സ്കൂളുകൾപോലും കോവിഡ് എല്ലാം തീരട്ടെ എന്നിട്ട് ആരംഭിക്കാം എന്ന ഒരു തീരുമാനം എടുത്തില്ല. അതിനുകാരണം ഇതാണ്. ജീവിതത്തിൽ ഇതുപോലുള്ള മഹാമാരിയോ പ്രശ്നങ്ങളോ വരുമ്പോൾ അതിനെ തരണം ചെയ്യണം. പുതിയ ആശയങ്ങളിലൂടെയും മാർഗ്ഗങ്ങളിലൂടെയും അതിനെ മറികടക്കണം.

പ്രിയമുള്ള കുട്ടികളെ, മുകളിൽ പറഞ്ഞ കാര്യങ്ങൾ നമ്മുടെ ജീവിതത്തിലും ഒരു വലിയ മാറ്റത്തിന് തിരുകൊളുത്തേണ്ടത്. നിങ്ങളുടെ ജീവിതത്തിൽ ഇപ്പോഴോ അല്ലെങ്കിൽ ഭാവിയിലോ വലിയ പ്രതിസന്ധി വരുമ്പോൾ അത് തീരാൻ നോക്കി നിൽക്കാതെ അതിനെ പുതിയ ആശയങ്ങളിലൂടെ തരണം ചെയ്യുക എന്നത് പ്രധാനപ്പെട്ടതാണ്. ഈ കൊറോണയും ഓൺലൈൻ ക്ലാസ്സുകളും കുട്ടികളായ നമ്മോട് പറയുന്നത് ഇതാണ്. ജീവിതത്തിന്റെ ചില യഥാർത്ഥ്യങ്ങളിൽ തളർന്ന് നഷ്ടധൈര്യരായി ഇരിക്കാതെ ജീവിത പ്രതിസന്ധികളെ മറികടക്കണം.

"You may be fed up, but you have to keep your head up" നിങ്ങൾ തളർന്നുപോയേക്കാം, പക്ഷെ നിങ്ങൾ തല ഉയർത്തി പിടിച്ചുകൊണ്ട് മുന്നോട്ട് പോകണം. ഇത് ഇംഗ്ലീഷിലെ ഒരു ചൊല്ല് ആണ്. ചിലന്തി, വല നെയ്യുന്നതുപോലെ ആവണം നമ്മൾ എല്ലാവരും. ചിലന്തി എത്ര കഷ്ടപ്പെട്ടുകൊണ്ടാണ് തന്റെ വല നെയ്യുന്നത്. ഒറ്റ നോട്ടത്തിൽ കാണാൻ വളരെ ഭംഗി അതിനുപുറകിൽ ചിലന്തിയെടുക്കുന്ന പരിശ്രമവും വിജയവും മണിക്കൂറുകളും ദിവസങ്ങളുമാണ്. ജീവിത സാഹചര്യങ്ങളിൽ പതറാതെ പുതിയ ആശയങ്ങളോടെ പുതിയ നേർകാഴ്ചകളോടെ മുന്നേറാൻ എല്ലാ കുട്ടികൾക്കും സാധിക്കട്ടെ. നല്ല ഒരു അദ്ധ്യയനവർഷം നേരുന്നു.

ഓൺലൈൻ ക്ലാസ്സായാലും നേരിട്ടായാലും ലഭിക്കുന്ന അവസരങ്ങൾ നന്നായി ഉപയോഗിക്കുവാൻ സാധിക്കട്ടെ.

**ജിബിനച്ചൻ**




## സ്വർഗ്ഗത്തിലെ
## 5-ാം പിറന്നാൾ

**10.07.2021**

ഈ സ്നേഹാസ്മരണയ്ക്ക്
കത്തീഡ്രൽ ഇടവകയുടെ പ്രണാമം



# Lock down love affair



**സി. ശാലിൻ സി.എച്ച്.എഫ്.**
ദർശന ഫാമിലി കൗൺസിലിംഗ് സെന്റർ
ഇരിങ്ങാലക്കുട

ഒരിക്കൽ ഒരു യുവതിയും യുവാവും ചെറുപ്പം മുതൽ സ്നേഹിച്ച്, ഉപരിപഠനത്തിനു ശേഷം അവർ വിവാഹിതരായി. അങ്ങനെ സന്തോഷത്തിന്റെയും ആനന്ദത്തിന്റെയും നാളുകൾ പിന്നിട്ട് കഴിഞ്ഞു. പിന്നീടൊരിക്കൽ ഒരു ദിവസം തന്റെ വക്കീലായ സുഹൃത്തിനെ കാണാനെത്തി. കാർമേഘത്തിന്റെ കറുത്ത നിഴൽവീണ ഭൂമി പോലെ അദ്ദേഹത്തിന്റെ മുഖം കറുത്തിരുന്നു. സുഹൃത്ത് ആശ്ചര്യത്തോടെ തന്റെ സുഹൃത്തിനോട് ചോദിച്ചു. എന്തുപറ്റി? മുഖത്തെ ആ പഴയ സന്തോഷം ഇല്ലല്ലോ? അല്പം തേങ്ങലോടെ തന്റെ സുഹൃത്തിനോട് ആ ഹൃദയരഹസ്യം തുറന്നുപറഞ്ഞു. ഞങ്ങൾ പിരിയുകയാണ്. എന്ത് നീയും നിന്റെ ഭാര്യയും പിരിയുകയോ? മനസ്സിലാകുന്നില്ല. എന്തുപറ്റി? നിങ്ങളിൽ ആരാണ് ഈ ബന്ധം ഒഴിയാൻ ആഗ്രഹിക്കുന്നത്. നീയോ അതോ ആളോ? അദ്ദേഹം അല്പം ചിന്തിച്ചതിനു ശേഷം പറഞ്ഞു. ഞങ്ങൾ രണ്ടുപേരിൽനിന്ന് സ്നേഹം ഒഴിഞ്ഞുപോയി. ഞങ്ങൾ ഇപ്പോൾ രണ്ട് അപരിചിത വ്യക്തിത്വങ്ങളാണ്. ഇത് ആദ്യമായി കേൾക്കുന്ന സംഭവമൊന്നുമല്ല. 2020 ഏപ്രിൽ മുതൽ 2021 മാർച്ച് വരെ കൗൺസലിങ്ങ് സെന്ററിൽ വന്ന love affair കേസുകൾ 6 ആണ്. മുസ്ലീം പയ്യൻ ക്രിസ്ത്യാനി പെൺകുട്ടിയെ, ക്രിസ്ത്യാനി ചെറുക്കൻ ഹിന്ദുകുട്ടിയെ... ഇത് അങ്ങോട്ടും ഇങ്ങോട്ടും ആവർത്തിക്കുകയാണ്... ആധുനിക കാലം യുവത്വത്തിന് പിൻതുണയായി...


കൗമാരകാലഘട്ടത്തിലേക്ക് പ്രവേശിക്കുമ്പോൾ തുടങ്ങി ശരീരത്തിന്റെ ചില ആകർഷണങ്ങൾ പിന്നിട്ട് വിവാഹത്തിലേക്ക്. എനിക്ക് ഇവനെ/ഇവളെ മതിയെന്ന വാശിയിൽ എത്തിനിൽക്കുന്നു. എന്നാൽ ഇവയൊന്നും നിലനിൽക്കുന്നില്ല എന്ന ദുഃഖസത്യം ഈ തലമുറക്ക് മനസ്സിലാക്കാതെ പോകുന്നുവെന്ന വാസ്തവം ഒന്നുമാത്രം ബാക്കി നിൽക്കുന്നു. മാതാപിതാക്കളും ബന്ധുമിത്രാദികളും ഞങ്ങൾ പറയാനുള്ളത് പറഞ്ഞു. ഇനി നിങ്ങളുടെ ജീവിതം...

എന്തുകൊണ്ടാണ് കുട്ടികൾ ടീനേജ് കാലത്തിൽ സൗഹൃദമായ ബന്ധങ്ങൾ ശരീരാകർഷണങ്ങളിൽ എത്തിചേരുന്നത്. സൗഹൃദവും പ്രണയവും വഴിതെറ്റിപോകുന്നു. പ്രണയം നമ്മുടെ സ്വപ്നങ്ങളെ നശിപ്പിക്കുന്നു. പ്രണയം കുപ്പിയിലടച്ച വെള്ളമാണ്. സൗഹൃദം ഒരു സമുദ്രം പോലെയാണ്. പ്രണയം fall in love ആണ്. അതിൽ വീണുകിടക്കുന്ന അവസ്ഥയാണ്, സൗഹൃദം നമ്മെ വലിയ ചിറകുകൾ സൃഷ്ടിച്ച് പുതിയ ആകാശത്തേക്ക് എത്തിക്കും. പ്രണയം ഈ കാലത്തെ കാർന്നുതിന്നുന്ന നീരാളിയായി മാറി.

എന്തുകൊണ്ടാണ് കൗമാരകാലഘട്ടം ഇത്രയും അപകടം നിറഞ്ഞതാകുന്നത്? നമ്മുടെ ശരീരത്തിൽ ഹോർമോണുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ ഓക്സിടോസിൻ എന്ന ഹോർമോൺ ആണ് പ്രണയം ഉണ്ടാക്കുന്നത്. ഇതിന്റെ അളവ് കൂടുന്നതാണ് പ്രണയത്തിലേക്ക് വഴി തെറ്റിക്കുന്നത്. ഇതാണ് ഇന്ന് നടക്കുന്ന കൊലപാതകങ്ങൾക്കും, താലോലിച്ച് വളർത്തിയ മാതാപിതാക്കളെ തള്ളിപറയുന്നതും... എല്ലാം. തലച്ചോറിൽ രണ്ട് വിഭാഗങ്ങളുണ്ട്. 1. ഭൗതികമസ്തിഷം 2. വൈകാരിക മസ്തിഷ്കം.

ഭൗതിക മസ്തിഷ്കം വളർച്ച പ്രാപിക്കുന്നത് 22 വയസ്സുവരെയാണ്. ആ കാലഘട്ടംവരെ വൈകാരിക മസ്തിഷ്കത്തെ പിടിച്ചമർത്താൻ നാം പഠിക്കണം. ഇതാണ് അനാവശ്യ ചിന്തകളിലേക്കും പ്രവൃത്തികളിലേക്കും വഴി തെളിക്കുന്നത്. നന്നായി ജീവിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ ഭൗതികമസ്തി

# Hope is Today's Gospel



ബ്രദർ ജെയ്ജോ തട്ടിൽ

കഥകൾ മെനയുമ്പോൾ മിഴിനീരിന്റെ നനവോടെ യവനികകൾ താഴുന്നത് നമുക്ക് ഇഷ്ടമല്ല. ഓരോ നിമിഷവും പുഞ്ചിരിയുടെ ആഗമനം കാത്തിരിക്കുന്നവരാണ് നാം. ആ നിമിഷത്തെ പ്രതീക്ഷയോടെ കാത്തിരിക്കുന്നവർ. ''ഇതും കടന്നു പോകും" എന്ന വാക്യം നമ്മുടെ വാട്സ്ആപ്പ് സ്റ്റാറ്റസുകൾ ആകുവാൻ തുടങ്ങിയിട്ട് ഒരു വർഷം കഴിഞ്ഞിരിക്കുന്നു. എന്നിട്ടും ഒരു മടുപ്പും കൂടാതെ വീണ്ടും വീണ്ടും അതേ വാചകം നാം വേദവാക്യമാക്കുന്നു. അതേ, പ്രതീക്ഷയുടെ ജീവിയാണ് മനുഷ്യൻ.

പ്രതീക്ഷ തകരുന്നിടത്താണ് മനുഷ്യൻ മൃഗമാകുന്നത്. പ്രതീക്ഷകൾ ഇല്ലാതാകുന്നിടത്ത് അയാളും ഇല്ലാതാകുന്നു. അങ്ങനെയെങ്കിൽ ക്രിസ്തു സമ്മാനിച്ചത് എന്തായിരുന്നു? "പ്രതീക്ഷകൾ" എന്ന് കുറിച്ചുവയ്ക്കാനാണ് ഈ തൂലികകൾക്ക് ഇഷ്ടം. അവന്റെ മുഖം പ്രതീക്ഷകൾ സമ്മാനിക്കുന്നതായിരുന്നു. അവളുടെ ദേഹത്ത് പതിക്കേണ്ടിയിരുന്ന മണ്ണിൽ പതിക്കുന്ന ശബ്ദം കേട്ട് അവൾ പ്രതീക്ഷയോടെ മുഖമുയർത്തുന്നു. നസ്രായന്റെ മൊഴികൾ അവൾക്ക് സമ്മാനിച്ചത് പ്രതീക്ഷകൾ നിറഞ്ഞ പുതുജീവിതം.

എല്ലാം അവസാനിച്ചു എന്നു കരുതിയ ആ കള്ളന് അവന്റെ സാന്നിധ്യം പ്രതീക്ഷ നൽകുകയാണ്. അതാണ് പറുദീസ ചോദ്യം ഉതിർക്കാൻ അവനെ പ്രേരിപ്പിച്ചത്. ക്രിസ്തു നമ്മെ പഠിപ്പിക്കുന്നതും അനേകർക്ക് പ്രതീക്ഷയായി മാറുവാനാണ്. അപ്പോൾ കുഴിമാടങ്ങളിൽ നിന്ന് അനേകം ലാസറുമാർ പുറത്തുവരും. മറിയത്തിന്റെ തോട്ടക്കാരിനിൽനിന്ന് "റബ്ബോനി"-യിലേക്ക് നാം വളരും.

വീണവരെ എഴുന്നേൽപ്പിക്കുവാൻ ഒരു കൈ നീട്ടുമ്പോൾ, തകർന്നവന്റെ രോദനത്തിൽ നീ ആശ്വാസമാകുമ്പോൾ, രോഗങ്ങൾക്കിടയിൽ നീ വാക്കുകൾകൊണ്ട് മരുന്നായ് മാറുമ്പോൾ നീ സമ്മാനിക്കുന്നത് പ്രതീക്ഷകളാണ്. അവരുടെ മിഴികളിൽ നീ നുറുങ്ങുവെട്ടം തെളിയിക്കുകയാണ്. നീ മറ്റൊരു ക്രിസ്തു ആയി മാറുകയാണ്. ഇന്ന് പ്രഘോഷിക്കേണ്ട സുവിശേഷം പ്രതീക്ഷകളുടേതാണ്. ഉത്ഥിതന്റെ മൊഴികളാണ്... ആമ്മേൻ.

---

*Lock down love affair തുടർച്ച...*

ഷ്കത്തെ വളർത്തണം, വിശ്വാസജീവിതവും. നമുക്ക് ലഭിക്കുന്ന നല്ല അവസരങ്ങൾ സംഘടനാ പ്രവർത്തനങ്ങൾ... ഇവയിൽ ഭാഗഭാഗിത്വം വഹിക്കണം. നല്ല ഭക്ഷണരീതി, നല്ല സൗഹൃദം... ഇവ ശീലമാക്കുക. അല്ലെങ്കിൽ വൈകാരികമസ്തിഷ്കം വളർന്ന് നമ്മെ തെറ്റായ ജീവിതത്തിനും സുഖേച്ഛയ്ക്കും വഴി തെളിക്കും.

പ്രണയം നേടിയെടുക്കുന്നതുവരെ പ്രകടനങ്ങൾ മാത്രമാണ്. എന്നാൽ നേടികഴിഞ്ഞാൽ ആധിപത്യത്തിന്റെയും അവകാശത്തിന്റെയും ഭാവങ്ങളാണ്. എന്തും നേടിയെടുക്കുന്നതുവരെ ആകാംക്ഷയും ആകർഷണവും ഉണ്ടാകും. നേടിയെടുത്തു കഴിഞ്ഞാൽ പിന്നീടത് അപ്രത്യക്ഷമാകും. ഇതാണ് love marriage ൽ സംഭവിക്കുന്നത്. പിന്നീട് സംശയങ്ങൾ, സ്വാർത്ഥത, പ്രതികാര ചിന്ത... ഇങ്ങനെ വിവാഹമോചനകേസുകളിൽ എത്തുന്നു. ഞാൻ പൂർണ്ണത നേടിയ വ്യക്തിയെന്ന തോന്നലും Possessive love മൂലം അന്ധമായ ചില ചിന്തകളും കലഹങ്ങൾ സൃഷ്ടിക്കുന്നു. ചിറകുകൾ വിരിച്ച് പറക്കേണ്ട കാലമാണ് യുവത്വം. തെറ്റായ ബന്ധങ്ങളിൽ മുഴുകാതിരിക്കാൻ യുവാവായ യേശുവുമായി നല്ല ബന്ധം സൃഷ്ടിക്കാം. അങ്ങനെ പുതിയ തലമുറ സൃഷ്ടിക്കാൻ നിങ്ങൾക്ക് കഴിയട്ടെ.

# പോൾസേട്ടൻ പടിയിറങ്ങുമ്പോൾ...



അഗസ്റ്റിൻ കെ.ജെ.

വർഷങ്ങളായി നമ്മുടെ ഇടവകയിലെ ഓരോ മൃതസംസ്കാരചടങ്ങുകളും ആരംഭിക്കുന്നത് പല പല വൈദികരിൽനിന്നാണെങ്കിൽ അവസാനിക്കുന്നത് ഒരേയൊരു പോൾസേട്ടനിലായിരുന്നു. ഒരുപാട് കുടുംബങ്ങളുടെ കണ്ണുനീരും തേങ്ങലുകളും ഓർമ്മകളിൽനിന്നും മായാതെ മനസ്സിൽ സൂക്ഷിച്ച് ഒരു സ്വകാര്യ നൊമ്പരമാക്കി, കഴിഞ്ഞ മെയ് 31-ാം തിയ്യതി പോൾസേട്ടൻ ഈ കത്തീഡ്രൽ ഇടവകയുടെ പടിയിറങ്ങി.

ഈ കാലമത്രയും നമ്മുടെ ഇടവക കുടുംബത്തിൽനിന്നും വേർപിരിഞ്ഞ ഏകദേശം 5000ത്തോളം പേർക്ക് അന്ത്യവിശ്രമമൊരുക്കാൻ സഹായിച്ച മറ്റൊരു സിമിത്തേരി ശുശ്രൂഷിയും ഈ ഭാരതത്തിലോ എന്നല്ല ലോകത്ത് തന്നെ ഉണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ശ്മശാനഭൂമി കളിചിരിയുടെയോ സന്തോഷത്തിന്റെയോ ഒരു വേദിയല്ല. അത് വിരഹദുഃഖത്തിന്റെയും, ഒറ്റപ്പെടലുകളുടെയും, നിസ്സഹായതയുടെയും ഒരു സംഗമസ്ഥലമാണ്. ഈ നിസംഗതയുടെ അന്തരീക്ഷത്തിൽ പോൾസേട്ടൻ നിർവ്വഹിച്ചത് ഒരു ജോലി മാത്രമായിരുന്നില്ല. അത് തിരുസഭയുടെ ഏഴാം കാരുണ്യ പ്രവൃത്തിയുടെ സായൂജ്യമായിരുന്നു.

പോൾസേട്ടൻ കേവലം ഒരു സിമിത്തേരി ജോലിക്കാരനായിരുന്നില്ല. മറിച്ച് ഇടവകയുടെ വളർച്ചയുടെ ഒരു കരുതലായിരുന്നു. പള്ളിയുടെ സ്ഥാവരജംഗമവസ്തുക്കളുടെ ഒരു കാവൽക്കാരനായിരുന്നു. നമ്മുടെ സ്വന്തം പിണ്ടിപെരുനാളിന്റെ നാകാരതാളമായിരുന്നു. പള്ളിയകം ദിവസവും വൃത്തിയാക്കുകയും, കുറവുകളും പോരായ്മകളും പള്ളിഅധികാരികളെ സമയാസമയങ്ങളിൽ അറിയിച്ച് അവ പരിഹരിക്കുന്നതിന് ഒരുപാട് യത്നിച്ച ഒരു വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു.

ഓരോ മൃതസംസ്കാരശുശ്രൂഷകളിലും പിടയുന്ന ഒരു മനസ്സ് പോൾസേട്ടനിലുണ്ടായിരുന്നു. ജനനത്തോടെ മരിച്ച കുഞ്ഞുപൈതങ്ങൾ തുടങ്ങി നൂറും അതിനുമുകളിലുള്ളവരുടെയും, സ്നേഹിതന്മാരുടെയും ബന്ധുമിത്രാദികളുടെയും സ്വന്തം അപ്പന്റെയും അമ്മയുടെയും എന്തിന് അകാലത്തിൽ വിടപറഞ്ഞ സ്വന്തം സഹോദരന്റെ പോലും ശവകുടീരത്തിൽ അവസാനമണ്ണ് കോരിയിട്ട് സിമിത്തേരി പടി വിട്ടിറങ്ങുമ്പോൾ പോൾസേട്ടന്റെ കണ്ണിൽനിന്നും ഉതിർന്നുവീണ കണ്ണീർകണങ്ങൾ സ്വന്തം ശരീരത്തിലെ വിയർപ്പ് തുള്ളികൾക്കൊപ്പം അലിഞ്ഞുചേർന്നത് നമ്മൾ ആരും കണ്ടിട്ടുണ്ടാകില്ല.

കോട്ടക്കൽ ഔസേപ്പ് - ശോശന്നം ദമ്പതികളുടെ മൂത്തമകനായ പോൾസേട്ടൻ നന്നേ ചെറുപ്പത്തിൽതന്നെ തന്റെ അപ്പാപ്പനായ പൗലോസിന്റെ കൂടെ കിഴക്കേ പള്ളിയിൽ സഹായിയായി തുടങ്ങി. വിരളവും പേടിപ്പെടുത്തുന്നതുമായ ഈ ജോലിക്ക് ആളുകളെ കിട്ടാതെ പല പള്ളികളും വിഷമിക്കുമ്പോൾ തന്റെ പിതാമഹാന്മാരായി തുടങ്ങിവച്ച ഈ ഉത്തരവാദിത്വം നമ്മുടെ ഇടവകയിൽ അന്യംനിന്നുപോകാതിരിക്കാൻ സ്വന്തം മകനായ ജസ്റ്റിന് കൈമാറിയിട്ടാണ് പോൾസേട്ടൻ മടങ്ങുന്നത്.

തൂമ്പയും കൈക്കോട്ടും താഴെ വച്ച് വിശ്രമജീവിതത്തിലേക്ക് നടന്നുപോകുന്ന പോൾസേട്ടന് ഇടവക കുടുംബത്തിന്റെ സ്നേഹവും നന്ദിയും നേരുന്നു.



# ABBA

## അപ്പച്ചൻ



**Prof. Jojo Joseph Vellanikaran**
Mary Rani Unit

The Aramaic term - abba ("father") appears in traditional Jewish liturgy and their prayers to God. With the Apostolic Letter *"Patris corde"* (With a Father's Heart) , Pope Francis recalls the 150th anniversary of the declaration of Saint Joseph as Patron of the Universal Church. To mark the occasion, the Holy Father has proclaimed a "**Year of Saint Joseph**" from 8 December 2020, to 8 December 2021.

*With a father's heart* : that is how Joseph loved Jesus, whom all four Gospels refer to as "the son of Joseph". Pope Francis begins with these incisive words in his Apostolic .The news also filled the Salesian Congregation with joy and satisfaction, which also boasts the Artisan of Nazareth, the Carpenter, among its Patrons.

WITH A FATHER'S HEART
APOSTOLIC LETTER

***PATRIS CORDE***



**OF THE HOLY FATHER FRANCIS**

ON THE 150th ANNIVERSARY
OF THE PROCLAMATION OF SAINT JOSEPH
AS PATRON OF THE UNIVERSAL CHURCH

### Excerpts from the *Patris Corde*


The aim of this Apostolic Letter is to increase our love for this great saint, to encourage us to implore his intercession and to imitate his virtues and his zeal.

❖ I would like to share some personal reflections on this extraordinary figure, so close to our own human experience. For, as Jesus says, "out of the abundance of the heart the mouth speaks" (*Mt* 12:34). My desire to do so increased during these months of pandemic, when we experienced, amid the crisis, how "our lives are woven together and sustained by ordinary people, people often overlooked.

❖ People who do not appear in newspaper and magazine headlines, or on the latest television show, yet in these very days are surely shaping the decisive events of our history. Doctors, nurses, storekeepers and supermarket workers, cleaning personnel, caregivers, transport workers, men and women working to provide essential services and public safety, volunteers, priests, men and women religious, and so very many others.

❖ They understood that no one is saved alone… How many people daily exercise patience and offer hope, taking care to spread not panic, but shared responsibility ? How many fathers, mothers, grandparents and teachers are showing our children, in small everyday ways, how to accept and deal with a crisis by adjusting their routines, looking ahead and encouraging the practice of prayer? How many are praying, making sacrifices and interceding for the good of all ?

❖ Each of us can discover in Joseph – the man who goes unnoticed, a daily, discreet and hidden presence – an intercessor, a support and a guide in times of trouble. Saint Joseph reminds us that those who appear hidden or in the shadows can play an incomparable role in the history of salvation. A word of recognition and of gratitude is due to them all !




❖ Saint Joseph was a carpenter who earned an honest living to provide for his family. From him, Jesus learned the value, the dignity and the joy of what it means to eat bread that is the fruit of one's own labour.

❖ The crisis of our time, which is economic, social, cultural and spiritual, can serve as a summons for all of us to rediscover the value, the importance and necessity of work for bringing about a **new "normal"** from which no one is excluded. The loss of employment that affects so many of our brothers and sisters, and has increased as a result of the Covid-19 pandemic, should serve as a summons to review our priorities. Let us implore Saint Joseph the Worker to help us find ways to express our firm conviction that no young person, no person at all, no family should be without work!

### The Staircase at Loretto Chapel

The Loretto Chapel in Santa Fe, New Mexico, USA, is a former Roman Catholic church that is now used as a museum and a wedding chapel. This Chapel is best known for its "miraculous" **spiral staircase**, which rises 20 feet (6.1 m) to the choir loft while making two full turns, all without the support of a newel or central pole. The staircase is built mostly out of wood and is held together by wooden pegs and glue rather than nails or other hardware.

The inner stringer consists of seven wooden segments joined together with glue, while the longer outer stringer has nine segments.



According to the version of events passed down by the Sisters of Loretto, multiple builders were consulted but were not able to find a workable solution due to the confined quarters. In response, the nuns prayed for nine straight days to St. Joseph, the patron saint of carpenters. On the last day of the novena, a mysterious stranger appeared and offered to build the staircase.

He worked alone using only a few simple hand tools and disappeared afterwards without collecting his pay or the Sisters learning his identity. More fantastical versions of the story have the work taking place overnight, while according to others it took six to eight months.

According to a **Washington Post** column by Tim Carter: "*It's a magnificent work of art that humbles me as a master carpenter. To create a staircase like this using modern tools would be a feat. It's mind-boggling to think about constructing such a marvel with crude hand tools, no electricity and minimal resources.*"

41-ാം ചരമദിനം

20.07.2021



തട്ടിൽ ജോർജ്ജ് ഭാര്യ

# റോസി

ജനനം : 11.06.1929 മരണം : 10.06.2021

സേക്രട്ട് ഹാർട്ട് യൂണിറ്റ്, തെക്കേഅങ്ങാടി

## സ്നേഹസ്മരണയ്ക്ക്

**4–ാം ചരമവാർഷികം**

**05.07.2021**



# പുതുശ്ശേരി തോമൻ മകൻ

# പി.ടി. ജേക്കബ്

**(Hon.Captain - Retd)**

ജനനം : 04.05.1929 മരണം : 05.07.2017

ഗാന്ധിഗ്രാം റോഡ്, ഇരിങ്ങാലക്കുട

ഞാൻ ജീവിച്ചിരുന്നപ്പോൾ നിങ്ങളെന്നെ സ്നേഹിച്ചു. നിങ്ങളുടെ പ്രാർത്ഥനയിൽ എന്നെകൂടി ഓർക്കണമേ.

# സ്നേഹസ്മരണയ്ക്ക്

## 4–ാം ചരമവാർഷികം

(31.07.2021)



## പൈനാടത്ത് കള്ളിവളപ്പിൽ ജോളി മകൻ

# ജിയോ ജോളി

ജനനം : 16. 05. 1962 മരണം : 31. 07. 2017

വേദനിക്കുന്ന വേർപാടിന്റെ മറക്കാനാവാത്ത ഓർമ്മകളുമായ്..

സന്തപ്ത കുടുംബാംഗങ്ങൾ

## സ്നേഹസ്മരണയ്ക്ക്

*11-ാം ചരമവാർഷികം*

*04.07.2021*




## അറയ്ക്കൽ തൊഴുത്തുംപറമ്പിൽ

# ആഗസ്തി ജോണി

**ജനനം : 05.03.1935** **മരണം : 04.07.2010**

"ഞാൻ നിങ്ങളിൽ നിന്ന് അകന്ന് പോയി എങ്കിലും എന്റെ സ്നേഹം എന്നും
നിങ്ങളോട് കൂടെയുണ്ടായിരിക്കും. നിങ്ങളുടെ പ്രാർത്ഥനയിൽ എന്നെയും ഓർക്കണമെ..."

## സ്നേഹസ്മരണയ്ക്ക്



# ജേക്കബ്ബ് പി.പി

(Retd. Social Forum Kuries)

പുല്ലൂക്കര ഹൗസ്, ലിറ്റിൽ ഫ്ളവർ യൂണിറ്റ്,
മഠത്തിക്കര, ഇരിങ്ങാലക്കുട

ജനനം : 24.04.1952 മരണം : 03.05.2021

നിങ്ങളുടെ വിലയേറിയ പ്രാർത്ഥനയിൽ എന്നെയും ഓർക്കണമേ.

## സ്നേഹസ്മരണയ്ക്ക്





## പൊറുത്തൂർ പള്ളിക്കുന്നത്ത്

# ജോസ് മൈക്കിൾ

ജനനം : 04.04.1937    മരണം : 22.05.2021

"നിങ്ങളുടെ വിലയേറിയ പ്രാർത്ഥനകളിൽ എന്നേയും ഓർക്കണമേ"

## സ്നേഹസ്മരണയ്ക്ക്



### 1-ാം ചരമവാർഷികം

**18.07.2021**

## പുത്തൂര്
## കൊച്ചുദേവസ്സി മകൻ
# ജോയ്

ജനനം : 26.11.1956 മരണം : 18.07.2020

### 28-ാം ചരമവാർഷികം

**25.01.2021**

## പുത്തൂര് ജോയ് മകൻ
# സജിൻ

ജനനം : 17.01.1990 മരണം : 25.01.1993



വരപ്രസാദനാഥ യൂണിറ്റ്, കാട്ടുങ്ങച്ചിറ

നിങ്ങളുടെ പ്രാർത്ഥനയിൽ ഞങ്ങളേയും ഓർക്കണമേ...



പാവനസ്മരണയ്ക്ക്
8 –ാം ചരമവാർഷികം
(06.07.2021)
ആളൂക്കാരൻ
ഔസേഫ് ഭാര്യ കത്രീന
ജനനം : 04.12.1923
മരണം : 06.07.2013
34 –ാം ചരമവാർഷികം
8 –ാം ചരമവാർഷികം
ആളൂക്കാരൻ ഔസേപ്പ് മകൻ
ഔസേപ്പ്
ആളൂക്കാരൻ ഔസേപ്പ് മകൻ
റോബി
സെന്റ് ഫ്രാൻസീസ് യൂണിറ്റ്

According to another professional carpenter, who was interviewed by Ben Radford for his book **Mysterious New Mexico**: *"The execution is just incredible. The theory of how to do it, to bend it around in a two-turn spiral, that's some difficult arithmetic there."*

One of the supposedly miraculous aspects of the staircase is that it lacks the newel or central pole usually used to support and stabilize a spiral staircase, and therefore the means of supporting the weight is not obvious. In reality, the staircase is supported by its stringers just like a conventional (straight) staircase, although in this case each stringer is twisted into a helix.

In any event, the finished staircase was an impressive work of carpentry, seeming to defy physics as it ascended 20 feet (6.1 m) without any obvious means of support. The Sisters of Loretto viewed its construction as a miracle and believed that the mysterious builder must have been ***St. Joseph himself***. As the story spread, the staircase became one of Santa Fe's most famous tourist attractions.

This miracle has been the subject for many flms and documentaries. One popular was **The Staircase** 1998, directed by Christopher Lofton.




**Trivia on St. Joseph**

■ March 19 is known as St. Joseph Day, or the Solemnity of St. Joseph

■ The Church celebrates two feast days uniquely for Saint Joseph: March 19 for Joseph the Husband of Mary and May 1 for Joseph the Worker.

■ In 1955 Pope Pius XII established the Feast of "St. Joseph the Worker". This is also May Day (International Workers' Day) since he is the patron of workers.

■ Joseph has no recorded words in Scripture. He is not even mentioned in the Gospel of Mark – or most of the NT. Joseph is mentioned in Matthew, Luke, once in John (someone calls Jesus "the son of Joseph") – and that's it.



■ The lilies symbolize integrity and indicate that Saint Joseph was the earthly spouse of the Blessed Virgin Mary, whose purity is represented by the chaste white lily. Three flowers are used to represent the Blessed Trinity.

■ He is the patron of the Universal Church, a happy death, families, unborn, fathers, expectant mothers, travelers, immigrants, craftsmen, engineers, and workers.

■ He's also the patron of the Sicily, Americas, Canada, China, Croatia, Mexico, Korea, Austria, Belgium, Peru, the Philippines and Vietnam

■ Josephology – a sub-discipline of theology, in the 20th century where some people started to gather the Church's insights about him. ●

> ദരിദ്രരോട് കരുണ കാണിക്കുന്നവൻ ഭാഗ്യവാൻ, കഷ്ടതയുടെ നാളുകളിൽ അവനെ കർത്താവ് രക്ഷിക്കും.
>
> സങ്കീർത്തനങ്ങൾ 41;1

**കാരുണ്യപ്രവർത്തികൾക്കായി നന്ദിയോടെ .........**

"എന്റെ ഏറ്റവും എളിയ ഈ സഹോദരൻമാരിൽ ഒരുവന് നിങ്ങൾ ഇത് ചെയ്തുകൊടുത്തപ്പോൾ എനിക്കു തന്നെയാണ് ചെയ്തുതന്നത് " (മത്താ. 25:40) എന്ന തിരുവചനത്തിൽ നിന്നും പ്രചോദനം ഉൾക്കൊണ്ടുകൊണ്ട് കത്തീഡ്രൽ ഇടവകയുടെ കാരുണ്യ പ്രവർത്തനങ്ങളോട് സഹകരിക്കുന്ന സന്മനസ്സിന് പ്രത്യേകം നന്ദി. നിരവധി രോഗികളുടേയും, അവശരുടേയും കണ്ണീരൊപ്പുവാനും, നിർധനരെ സഹായിക്കുവാനും, പാവങ്ങളോടും, പാർശ്വവൽക്കരിക്കപ്പെട്ടവരോടും പക്ഷം ചേരാനും, എല്ലാവരുടേയും സഹകരണത്തോടെ ഇതുവരെ ഈ ഇടവക സമൂഹത്തിന് സാധിച്ചിട്ടുണ്ട്. ക്രിസ്തുമുഖം കൂടുതൽ പ്രശോഭിതമാക്കുന്ന ഇത്തരം ജീവകാരുണ്യ പ്രവർത്തനങ്ങൾ തുടരാൻ സുമനസ്സുകളുടെ ഈ സഹായം തീർച്ചയായും ഒരു കൈത്താങ്ങാണ്. വിവിധ നിയോഗാർത്ഥം കാരുണ്യ പ്രവർത്തികൾക്കായി സഹായം നൽകിയ നിങ്ങളെ ഓരോരുത്തരേയും ദൈവം അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

**01-04-2021 മുതൽ 31-05-2021 വരെ**

| | |
|---|---|
| 1. ജോസ് ജോൺ കണ്ടംകുളത്തി (ചാരിറ്റി) | 5,000 |
| 2. ഒരു വിശ്വാസി (ദശാംശം) | 10,500 |
| 3. ടിജിൻ തോമസ് മാടാനി (ദശാംശം) | 5,000 |
| 4. നിൻസ് പീറ്റർ പള്ളായി | 3,000 |

**കോവിഡ് ദുരിതാശ്വാസ ഫണ്ടിലേക്ക്**

| | |
|---|---|
| 1. അഡ്വ. തോമസ് രാജ് | 5,000 |
| 2. ഒരു വിശ്വാസി | 10,000 |

**സൗജന്യ ഡയാലിസിസ് ഫണ്ടിലേക്ക്**

| | |
|---|---|
| 1. ജോൺസൺ മാളിയേക്കൽ | 5,000 |
| 2. ഒരു വിശ്വാസി | 50,000 |
| 3. അച്ചാമ്മ ജോണി കിഴക്കേടത്ത് | 3,000 |
| 4. ജോസ് പി.സി. | 1,000 |
| 5. ഒരു വിശ്വാസി | 1,000 |
| 6. ജിയോപട്ടേരി | 1,000 |
| 7. ഒരു വിശ്വാസി | 1,000 |
| 8. ജിമ്മി ജെയ്ക്കബ് ഊക്കൻ | 5,000 |
| 9. റപ്പായി പന്തലിപ്പാടൻ | 1,000 |
| 10 ഒരു വിശ്വാസി | 4,000 |
| 11. വിജോ പറമ്പി | 5,000 |
| 12. ആവേ മരിയ, സെന്റ് ആൻസ്, വിമല യൂണിറ്റുകൾ | 25,250 |
| 13. പോളി കെ.ടി. | 2,000 |

| | |
|---|---|
| 14. ജോർജ്ജ് ജോസഫ് പാലത്തിങ്കൽ | 3,000 |
| 15 വിൻസന്റ് കെ. | 5,000 |
| 16. ജോഷി കെ.ഐ. | 5000 |
| 17. ഫ്രാൻസിസ് ജോസഫ് കെ. | 2,000 |
| 18. ജോൺ ഫ്രാൻസിസ് | 1000 |
| 19. ക്ലിറ്റ്സൺ | 4,000 |
| 20. രാഖി ജോസഫ് | 5,000 |
| 21 സ്റ്റാൻലി | 4,000 |
| 22. രാജൻ ആർ. വി. | 3,500 |
| 23. എ. ജെ. ജോർജ്ജ് | 2,000 |
| 24. അഞ്ജു ടോണി | 3,100 |
| 25. കുരിയൻ വെള്ളാനിക്കാരൻ | 5,500 |
| **കത്തീഡ്രൽ ബോക്സ് കളക്ഷൻ (സൗജന്യ ഡയാലിസിസ്)** | **52,130** |

**കനിവ് ചികിത്സാ സഹായ പദ്ധതിയിലേക്ക്**

| | |
|---|---|
| 1. ലില്ലി ഔസേപ്പ് | 2,000 |
| 2. ജോൺ ഫ്രാൻസിസ് കണ്ടംകുളത്തി | 2,000 |
| 3. പോൾസൺ പഴയാറ്റിൽ | 1,000 |
| 4. സാബു എ.വി. ആലുക്കൽ | 1,000 |
| 5. ആന്റോ വി. ഒ. വടക്കൻ | 1,000 |
| 6. ബാബു എം. ജെ. മാപ്രാണത്തുകാരൻ | 2,000 |
| 7. ജോസ് പാലത്തിങ്കൽ | 1,000 |
| 8. ആന്റണി കൂത്തൂർ | 1,000 |
| 9. ഡോ. ജോസഫ് അലക്സാണ്ടർ | 2,000 |
| 10. ജിനോ ജോയ് അപ്പറമ്പിൽ | 3,000 |
| 11. ഒരു വിശ്വാസി | 1,000 |
| 12. ആന്റണി വടക്കുംപാടൻ | 2,000 |
| 13 ഡേവീസ് ചക്കാലക്കൽ | 2,847 |
| 14 ജോസ് കെ.ജെ. കുളങ്ങര | 1,000 |
| 15 റൈജു ജോർജ്ജ് കാളത്തുപറമ്പിൽ | 2,000 |
| 16 തോമസ് പാറേക്കാടൻ | 2,000 |
| 17 അച്ചാമ്മ ജോണി കിഴക്കേടത്ത് | 2,000 |
| 18 ഡേവീസ് പുല്ലോക്കാരൻ | 1,000 |
| 19 ലൂസി ഡേവീസ് | 5,000 |
| 20 ജോസഫ് പി.വി | 3,000 |
| 21. ഒരു വിശ്വാസി | 1,00,000 |
| 22. ഡോ. ജോർജ്ജ് മാത്തൻ കോച്ചേരി | 4,000 |
| 23. ജോളി തോമസ് അറയ്ക്കൽ | 2,000 |
| 24. ഡോ. സുനിൽ താഴേക്കാട്ടുകാരൻ | 1,000 |
| 25. ഗ്രെയ്സി ജോസ് കള്ളിവളപ്പിൽ | 1,000 |
| 26. ചാക്കോ കുണ്ടുപറമ്പിൽ | 1000 |
| 27. ടോണി ആലേങ്ങാടൻ | 2,000 |

| | |
|---|---|
| 28. ഷിജോ തോമസ് | 1,000 |
| 29 സാജൻ ആന്റണി | 4,000 |
| 30 ബ്രിജോ വിൽസൺ | 2,000 |
| 31. ജോസഫ് ബെൻ ഫ്രാൻസിസ് | 2,000 |
| 32. ജോജോ കെ.ജെ. | 6,000 |
| 33. പേൾ ഫ്രാൻസിസ് | 2,000 |
| 34. നീന ബാബു പറമ്പി | 10,000 |
| 35. വർഗ്ഗീസ് തോമസ് | 2,000 |
| 36. ഒരു വിശ്വാസി | 1,000 |
| 37. ജോസ് പോൾ ചെതലൻ | 2,000 |
| 38. ഗ്രെയ്സി വർഗ്ഗീസ് കണ്ണംമ്പുഴ | 1,000 |
| 39. ജെന്നറ്റ് ജോൺ സി | 1,000 |
| 40. അഡ്വ. ഇ.ടി. തോമസ് ഇല്ലിക്കൽ | 1,000 |
| 41. എജി പോൾ മലയിൽ | 2,000 |
| 42. അനു മരിയ പോൾ | 2,000 |
| 43. അച്ചൽ എം. തണ്ടിൽ | 10,000 |
| 44. സാജു എം. ഐ, മാമ്പിള്ളി | 10,000 |
| 45. ടോണി പോൾ പറമ്പി | 1,000 |
| 46. തോമസ് ജോയ് അറയ്ക്കപ്പാടൻ | 1,000 |
| 47. ഫില്ലി ജോർജ്ജ് | 1,000 |
| 48. ജോസഫ് പാലമറ്റത്ത് | 1,000 |
| 49. ജെന്നി ഡേവീസ് കിഴക്കേപീടിക | 2,000 |
| 50. ഒരു വിശ്വാസി | 6,000 |

**സിൽച്ചാർ മിഷനിലേക്ക്**

| | |
|---|---|
| 1. ജോൺ ഫ്രാൻസിസ് കണ്ടംകുളത്തി | 36,000 |
| 2. ജോസഫ് പടമ്മാട്ടുമ്മൽ | 3,000 |
| 3. ഫ്രെഡി ജോസഫ് പടമാട്ടുമ്മൽ | 1,000 |
| 3. ഒരു വിശ്വാസി | 2,000 |
| 4. ഒരു വിശ്വാസി | 2,000 |
| 5. ഒരു വിശ്വാസി | 2,000 |
| 6. ഒരു വിശ്വാസി | 2,000 |
| 7. ഒരു വിശ്വാസി | 2,000 |
| 8. ഒരു വിശ്വാസി | 2,000 |

## സ്നേഹപൂർവ്വം സാന്ത്വനത്തിലേക്ക്

**മാർച്ച് 28 മുതൽ ജൂൺ 22 വരെ**

| | | | |
|---|---|---|---|
| 1. ശ്രീ. ജോബി ജാൻസി പുത്തൂർ | 500 | 5. ശ്രീ. ജോൺ ഫ്രാൻസിസ് കണ്ടംകുളത്തി | 2000 |
| 2. ശ്രീ. ജോജോ കിഴക്കേപീടിക | 5000 | 6. ശ്രീ. ഇ.സി. ജോർജ്ജ് എലഞ്ഞിക്കൽ | 2500 |
| 3. ശ്രീമതി മഞ്ചു മയ്സൺ | 5000 | 7. ശ്രീ. ഉമ്മൻ | 1000 |
| 4. ശ്രീ. മാര്യ കാരപറമ്പിൽ | 1000 | 8. ശ്രീ. ജോസ് കോമ്പാറക്കാരൻ | 5000 |

## അൾത്താര പുഷ്പാലങ്കാരം

**(01.04.2021 മുതൽ 30.05.2021 വരെ)**

| | |
|---|---|
| 1. പിയൂസ് ജോർജ്ജ് പൊട്ടക്കൽ | 3,500 |
| 2. തെരേസ മുള്ളൂർക്കര | 2,500 |
| 3. ടി.പി. വിൻസന്റ് തൊമ്മാന | 3,500 |
| 4. ആൽഡിസ് പീറ്റർ | 3,500 |
| 5. മജു കെ. ടോം | 3,500 |
| 6. മൻസൂർ മുരിങ്ങാത്തേരി | 3,500 |
| 7. ബെന്നി തൊഴുത്തുംപറമ്പിൽ | 3,500 |
| 8. ബിന്റോ ചക്കാലക്കൽ | 2,500 |
| 9. ജിമ്മി മാവേലി | 3,500 |
| 10. വിജോ പറമ്പി | 3,500 |
| 11. അഞ്ജലി വിതയത്തിൽ | 5,000 |
| 12. കൊടിവളപ്പിൽ വർഗ്ഗീസ് | 2,500 |
| 13. ജോസഫ് പടമാട്ടുമ്മൽ | 2,500 |
| 14. ജോയ് വെള്ളാനിക്കാരൻ | 2,500 |

## കത്തീഡ്രൽ സാമൂഹ്യക്ഷേമ പദ്ധതി

കത്തീഡ്രൽ സാമൂഹ്യക്ഷേമ പദ്ധതി പ്രകാരം 2021 ഏപ്രിൽ മാസം കൊടുത്ത സഹായം.

| | | |
|---|---|---|
| വിവാഹ സഹായം | – | 15,000 |
| ചികിത്സാസഹായം | – | 14,549 |
| വീടുപണി | – | 15,000 |
| **ആകെ** | – | **44,549** |

**മെയ്**

| | | |
|---|---|---|
| ചികിത്സാസഹായം | – | 35,000 |

## കനിവ് ചികിത്സാസഹായം

| | | |
|---|---|---|
| ഏപ്രിൽ | – | 96,284 |
| മെയ് | – | 92,062 |


# വീടും സ്ഥലവും വിൽപനയ്ക്ക്

◆ ചുറ്റുമതിലോടുകൂടിയ 5 സെന്റ് സ്ഥലവും എല്ലാ സൗകര്യങ്ങളോടുംകൂടിയ പുതിയ 2000 Sq.ft. വീടും പുല്ലൂർ മിഷൻ ഹോസ്പിറ്റലിന് സമീപം. (വെള്ളപൊക്ക ബാധിത പ്രദേശമല്ല)

◆ ഇരിങ്ങാലക്കുട ഇടവകാതിർത്തിയിൽ 10 സെന്റ് സ്ഥലം വിൽപനയ്ക്ക്. സെന്റ് 1 ന് ഒരു ലക്ഷം രൂപ. (ബ്രോക്കർമാർ ആവശ്യമില്ല)

**CONTACT : 7034236003, 6235766003**

സീറോമലബാർ മതബോധന കമ്മീഷൻ പ്രസിദ്ധീകരണമായ
**"വിശ്വാസവഴിയിലെ സംശയങ്ങൾ"**
എന്ന പുസ്തകത്തിൽ നിന്ന്.

**25**

## തോമ്മാശ്ലീഹാ ഭാരതത്തിൽ വന്നതിനുള്ള തെളിവുകൾ, രേഖകൾ എന്തെല്ലാം?

**ഭാരത കത്തോലിക്കാസഭയുടെ ശ്ലൈഹിക ഉത്ഭവം**

തോമ്മാശ്ലീഹായാണ് ക്രിസ്തുവർഷം ആദ്യ ശതകത്തിന്റെ മദ്ധ്യകാലഘട്ടത്തിൽ ദക്ഷിണേന്ത്യയിൽ ക്രിസ്തീയ വിശ്വാസം പ്രചരിപ്പിച്ചത്. അദ്ദേഹം എ.ഡി. 52ൽ മുസിരിസ് (കൊടുങ്ങല്ലൂർ) തുറമുഖത്ത് കപ്പലിറങ്ങി എന്നാണ് പാരമ്പര്യം. ഏഴു ക്രൈസ്തവ സമൂഹങ്ങൾ: കൊടുങ്ങല്ലൂർ, പാലയൂർ, കൊടുങ്ങല്ലൂരിനടുത്ത് കോട്ടക്കാവ്, തെക്കൻ പള്ളിപ്പുറത്ത് കോക്കമംഗലം, തിരുവല്ലയ്ക്കടുത്ത് നിരണം, കൊല്ലം, നിലയ്ക്കലിനടുത്ത് ചായൽ എന്നീ സ്ഥലങ്ങളിൽ സ്ഥാപിക്കുകയും ചെയ്തുവെന്നാണ് മാർത്തോമ്മാ നസ്രാണികളുടെ ശക്തമായ പാരമ്പര്യം. മൈലാപ്പൂരിൽവച്ച് എ.ഡി. 72ൽ അദ്ദേഹം രക്തസാക്ഷിത്വം വരിച്ചുവെന്നും വിശ്വസിക്കുന്നു. മൈലാപ്പൂരിൽ സ്ഥിതി ചെയ്യുന്ന ശ്ലീഹായുടെ കബറിടം ആദ്യനൂറ്റാണ്ടുമുതൽ പ്രശസ്ത തീർത്ഥാടന കേന്ദ്രമാണ്. തോമാശ്ലീഹായുടെ ഭാരതപ്രേഷിതത്വത്തിന്റെയും പ്രവർത്തനങ്ങളുടെയും സമഗ്രമായ പഠനം ഇവിടെ ഉദ്ദേശിക്കുന്നില്ലാത്തതുകൊണ്ട് ഏറ്റം പ്രസക്തമായ ഏതാനും വസ്തുതകളും സാഹചര്യങ്ങളും മാത്രമേ സൂചിപ്പിക്കുന്നുള്ളൂ.

**തോമ്മാശ്ലീഹായുടെ ഭാരതപ്രവേശന സാധ്യത**

ക്രിസ്തുവിന്റെ ജനനത്തിനു വർഷങ്ങൾക്കു മുമ്പുതന്നെ റോമൻ സാമ്രാജ്യവും ദക്ഷിണേന്ത്യയുമായി സമുദ്രമാർഗ്ഗമുള്ള സുദൃഢ കച്ചവട ബന്ധം നിലനിന്നിരുന്നു എന്നതിനു ചരിത്രപരമായ തെളിവുകൾ ധാരാളമാണ്. മലബാറിലെ മുസിരിസ് (ഇന്നത്തെ കൊടുങ്ങല്ലൂർ) ലോകത്തെ പ്രധാനപ്പെട്ട തുറമുഖങ്ങളിലൊന്നും, കച്ചവടകേന്ദ്രവുമായിരുന്നു. ഗ്രീക്കു-റോമൻ ലോകത്തേക്ക് വിവിധ സുഗന്ധദ്രവ്യങ്ങൾ കയറ്റുമതി ചെയ്തിരുന്നതു പ്രധാനമായും മുസിരിസിൽ നിന്നായിരുന്നു. ദക്ഷിണേന്ത്യയിലെ വിവിധ സ്ഥലങ്ങളിൽനിന്ന് ഖനനത്തിലൂടെ ലഭ്യമായ റോമൻ സ്വർണ്ണനാണയങ്ങൾ ഈ കച്ചവടബന്ധത്തിന്റെ ശക്തമായ തെളിവാണ്. ചുരുക്കത്തിൽ ക്രിസ്തുവർഷം ആദ്യ നൂറ്റാണ്ടിന്റെ മദ്ധ്യകാലത്ത് തോമ്മാശ്ലീഹായ്ക്കു ഭാരതത്തിലെത്തുക ദുഷ്കരമായിരുന്നില്ല എന്നതു വ്യക്തമാണ്.

**ആരാധനക്രമ തെളിവുകൾ**

സഭയുടെ ആരാധനക്രമം വിശ്വാസവും പാരമ്പര്യങ്ങളും സംരക്ഷിക്കുകയും തലമുറകളിലേക്കതു കൈമാറുകയും ചെയ്യുന്നു. പാശ്ചാത്യ പൗരസ്ത്യ സഭകളുടെ ആരാധനക്രമങ്ങൾ, പ്രത്യക്ഷമായും പരോക്ഷമായും മാർത്തോമ്മാശ്ലീഹായുടെ ഭാരതപ്രേഷിതത്വത്തെയും രക്തസാക്ഷിത്വത്തെയും ഉറപ്പിച്ചു പ്രതിപാദിക്കുന്നുണ്ട്. പ്രാചീന രക്തസാക്ഷിത്വ ചരിത്രത്തിലും ആരാധനക്രമ പഞ്ചാംഗങ്ങളിലും വിശുദ്ധ തോമ്മാശ്ലീഹായെ ഭാരതസഭയോടു ബന്ധപ്പെടുത്തിയാണ് പ്രതിപാദിക്കുന്നത്. ഭാരതത്തിൽ ക്രിസ്തുമതം പ്രചരിപ്പിക്കുകയും രക്തസാക്ഷിത്വം വരിക്കുകയും ചെയ്ത മാർ തോമ്മാശ്ലീഹായെ അനുസ്മരിക്കാത്ത പ്രാചീന ആരാധനക്രമ പാരമ്പര്യങ്ങൾ ക്രൈസ്തവലോകത്ത് പ്രചരിച്ചിട്ടില്ല എന്നതാണ് സത്യം.

**പ്രാദേശിക പാരമ്പര്യങ്ങൾ**

തോമ്മാശ്ലീഹായുടെ ആഗമനവും പ്രേഷിതപ്രവർത്തനവും ഏഴരപ്പള്ളികളുടെ (ക്രിസ്തീയ സമൂഹങ്ങളുടെ) സ്ഥാപനവും സംബന്ധിച്ച സുവ്യക്തമായ ഓർമ്മകൾ പ്രസ്തുത പ്രദേശവാസികളുടെ മനസ്സിൽ പച്ചപിടിച്ചു നിൽക്കുന്നുണ്ട്. അദ്ദേഹത്തിന്റെ പ്രേഷിത പ്രവർത്തനവും രക്തസാക്ഷിത്വവും കബറടക്കത്തിന്റെ വിവരണവുമൊക്കെ നാടൻ പാട്ടുകളുടെയും അനുഷ്ഠാനകലകളുടെയും രൂപത്തിൽ പ്രാചീനകാലം മുതലേ ഇവിടെ പ്രചരിച്ചിട്ടുണ്ട്. ഇവ പിന്നീട് ലിഖിത രൂപത്തിലാവുകയും ഇന്നും നിലനിൽക്കുയും ചെയ്യുന്നു. പ്രശസ്തമായ മാർഗംകളിപ്പാട്ട് (തോമ്മാശ്ലീഹായുടെ മാർഗസ്ഥാപനത്തെപ്പറ്റി പ്രതിപാദിക്കുന്ന നൃത്തകലാരൂപം), റമ്പാൻ പാട്ട് (തോമ്മാ പർവം), വീരടിയാൻ പാട്ട് (ഹിന്ദുമതാനുയായികളായ വീരടിയാന്മാർഎന്ന വിഭാഗം പാടിയിരുന്നത്) തുടങ്ങിയ കഥാഗാനങ്ങളൊക്കെ ക്രിസ്ത്യൻ ഭവനങ്ങളിൽ വിവാഹാവസരങ്ങളിലും മറ്റ് ആഘോഷദിനങ്ങളിലും പാട്ടുകളായും അനുഷ്ഠാനകലകളായും അവതരിപ്പിക്കുകയും ചെയ്തിരുന്നു. തോമ്മാശ്ലീഹാ കൊടുങ്ങല്ലൂരിൽ കപ്പലിറങ്ങിയതും തുടർന്നുള്ള വിവിധ പ്രവർത്തനങ്ങളും മറ്റുമാണ് ഇവയുടെ പ്രതിപാദ്യവിഷയം.

**തോമ്മാശ്ലീഹായുടെ കബറിടം**

ഏ.ഡി. 72ൽ തോമ്മാശ്ലീഹാ മൈലാപ്പൂരിൽവച്ചു രക്തസാക്ഷിയായി മരിച്ചെന്നും അവിടെത്തന്നെ സംസ്കരിക്കപ്പെട്ടെന്നുമാണ് പാരമ്പര്യം. തോമ്മാശ്ലീഹായുടെ മരണശേഷം മൈലാപ്പൂർ മാർത്തോമ്മാ നസ്രാണികളുടെ തീർത്ഥാടന കേന്ദ്രമായി മാറുകയും വളരെ കാലത്തേക്ക് അവരുടെ മെത്രാന്റെ (മതമേലദ്ധ്യക്ഷന്റെ) ആസ്ഥാനമായിത്തീരുകയും ചെയ്തിരുന്നു. കത്തോലിക്കരും, അകത്തോലിക്കരും, അക്രൈസ്തവരുമായ മാർ തോമ്മാ ഭക്തന്മാർ ഏകകണ്ഠമായി അംഗീകരിക്കുന്ന മാർത്തോമ്മാശ്ലീഹായുടെ ഏക കബറിടമാണ് മൈലാപ്പൂരിൽ ഉള്ളത്. 1776 നവംബർ 14 മുതൽ 1789 മാർച്ച് 10 വരെ മലബാറിൽ താമസിക്കുകയും സ്വന്തം നാടിനേക്കാളേറെ ഈ നാടിനെ അടുത്തറിയാൻ കഴിഞ്ഞുവെന്ന് അഭിമാനിക്കുകയും ചെയ്ത കർമ്മലീത്ത മിഷനറി പൗളിനോ ദ സാൻ ബർത്തലോമയോ ഇറ്റലിയിലേക്ക് മടങ്ങിപ്പോയശേഷം എഴുതുന്നതു ശ്രദ്ധിക്കുക:

മൈലാപ്പൂരിലെ മലയിലാണ് മാർ തോമ്മാശ്ലീഹാ കൊല്ലപ്പെട്ടതെന്നാണ് "ക്രൈസ്തവരും അക്രൈസ്തവരുമായ എല്ലാ ഭാരതീയരും ഉറപ്പിച്ചുപറയുന്നത്. വിശുദ്ധ തോമ്മാശ്ലീഹാ മൈലാപ്പൂരിൽ മരണമടഞ്ഞുവെന്നുള്ള അവരുടെ അചഞ്ചലവും തീക്ഷ്ണവുമായ വിശ്വാസം, വിശുദ്ധ പത്രോസ് റോമിൽ മരണമടഞ്ഞുവെന്ന യൂറോപ്യൻ ക്രിസത്യാനികളുടെ വിശ്വാസത്തിന് തുല്യമാണ്"

മൈലാപ്പൂരിലെ പ്രാചീനകബറിടം മാത്രമാണ് തോമ്മാശ്ലീഹായുടെ ഭൗതികാവശിഷ്ടങ്ങൾ സംവഹിച്ച ഏക കബറിടമായി വിലയിരുത്തപ്പെടുന്നത്. മാർ തോമ്മാശ്ലീഹായുടെ മൈലാപ്പൂരിലെ കബറിടത്തെ സംബന്ധിച്ചുള്ള പാരമ്പര്യവിശ്വാസവും ഭാരതത്തിലോ വിദേശത്തെവിടെയെങ്കിലുമോ ശ്ലീഹായുടെ കബറിടമുള്ളതായി ആരും അവകാശപ്പെടാത്തതും മൈലാപ്പൂരിലെ ശ്ലീഹായുടെ കബറിടത്തിന്റെ വാസ്തവികതയ്ക്ക് ഉറപ്പ് നൽകുന്നു. 1599ലെ ഉദയംപേരൂർ സൂനഹദോസുവരെ മാർത്തോമ്മാ നസ്രാണികൾ കൃത്യമായ കാലങ്ങളിൽ മൈലാപ്പൂരിലേക്ക് തീർത്ഥാടനം നടത്തുകയും തീർത്ഥാടകരായ മാർത്തോമ്മാ നസ്രാണികൾ കബറിടത്തിൽ നിന്ന് മണ്ണെടുത്തുകൊണ്ടുവരികയും അത് പുണ്യകർമ്മങ്ങൾക്കും ഹന്നാൻ വെള്ളം വെഞ്ചരിക്കുന്നതിനും ഉപയോഗിക്കുകയും ചെയ്തിരുന്നു.

**പുരാതന ക്രൈസ്തവസമൂഹം**


മാർത്തോമ്മാ ക്രിസ്ത്യാനികളെന്നറിയപ്പെട്ട ഒരു ക്രൈസ്തവ സമൂഹം ക്രിസ്തുവർഷം ആദിമശതകം മുതൽ ദക്ഷിണേന്ത്യയിൽ നിലനിന്നിരുന്നു. തങ്ങൾക്കു ചുറ്റുമുള്ള മഹാഭൂരിപക്ഷം വരുന്ന അക്രൈസ്തവരുടെ ആകർഷണങ്ങളെയും, അസംഖ്യങ്ങളായ തടസ്സങ്ങളെയും, വിവരണാതീതമായ സഹനങ്ങളെപ്പോലും തരണം ചെയ്ത്, പത്തൊൻപതു നൂറ്റാണ്ടുകളോളം ഇവർ തങ്ങളുടെ ക്രൈസ്തവ വിശ്വാസം കാത്തുസൂക്ഷിച്ചു എന്നതുതന്നെ തോമ്മാശ്ലീഹായുടെ ദക്ഷിണേന്ത്യയിലെ പ്രേഷിതത്വത്തിന്റെ സംശയാതീതമായ തെളിവായി കാണാവുന്നതാണ്. ഈ ക്രൈസ്തവർ, ഇക്കാലമത്രെയും തോമ്മായുടെ മാർഗം അഥവാ നിയമം വിശ്വസ്തതാപൂർവ്വം കാത്തുസൂക്ഷിക്കുകയും കർമ്മോത്സുകമായി ആചരിക്കുകയും ചെയ്ത്, ഈ തോമ്മാമാർഗ്ഗം തങ്ങളുടെ പൂർവ്വികരെ പഠിപ്പിച്ചത് മാർത്തോമ്മാശ്ലീഹാ തന്നെയായിരുന്നുവെന്ന പൂർണ്ണ ബോധ്യമുണ്ടായിരുന്നതുകൊണ്ടാണ്.

ക്രിസ്തുവർഷം 189നും 190നും ഇടയിൽ ഭാരതത്തിലെത്തിയ അലക്സാണ്ഡ്രിയായിലെ പ്രമുഖ പണ്ഡിതനായ പന്തേനുസ് രണ്ടാം ശതകത്തിൽ ഭാരതത്തിൽ ക്രിസ്ത്യാനികളുണ്ടായിരുന്നതായി സാക്ഷിക്കുന്നതിൽ അത്ഭുതപ്പെടേണ്ടതില്ല. ക്രിസ്തുവർഷം ആദിമശതകങ്ങളിൽ ഒരു ക്രൈസ്തവസമൂഹം ഭാരതത്തിലുണ്ടായിരുന്നുവെന്ന ചരിത്രസത്യം സംശയരഹിതമായി തെളിയിക്കാവുന്നതാണ്. തോമ്മാശ്ലീഹായുടെ ഭാരതപ്രേഷിതത്വത്തെ സംശയിക്കുന്നവർപോലും ക്രിസ്തുവർഷം ആദിമശതകങ്ങളിൽ ഒരു ക്രിസ്തീയ സമൂഹം, ഭാരതത്തിലുണ്ടായിരുന്നുവെന്ന കാര്യം നിഷേധിക്കുവാൻ ധൈര്യപ്പെടുന്നില്ല.

---

*ഞാൻ സകല മർത്യരുടെയും ദൈവമായ കർത്താവാണ്. എനിക്ക് അസാധ്യമായി എന്തെങ്കിലുമുണ്ടോ?*
(ജെറമിയ 32:27)

*ഭൂമി മുഴുവന്റെയും വിദൂരസമുദ്രങ്ങളുടെയും പ്രത്യാശ അവിടുന്നാണ്.*
(സങ്കീ. 65:5)



# കോവിഡാനന്തര പുനരധിവാസം ഫിസിയോ തെറാപ്പിയിലൂടെ
## (Post - Covid Rehabilitation throuth Physiotherapy)



**Dr. Minto Thomas (PT)**
**(BPT, MPT)**
Consultant Physiotherapist
Marina Hospital, Irinjalakuda
Ave Maria Unit

കൊറോണ വൈറസ്... കോവിഡ്19 എന്നീ വാക്കുകൾ പ്രായവ്യത്യാസമില്ലാതെ കുറച്ചുനാളുകളായി എല്ലാവർക്കും സുപരിചതമാണല്ലോ. ഇതിനോടകംതന്നെ നമ്മളിൽ പലർക്കും കൊറോണ വൈറസ് ബാധ പിടിപെടുകയും മുക്തി നേടുകയും ചെയ്തു. "ശ്വാസം കുറെ വലിച്ചുവിട്ടാൽ കോവിഡിൽനിന്ന് രക്ഷപ്പെടാം", "കുറെ ആവി പിടിക്കലും" കൂടി ആയാൽ കൊറോണ വരില്ല എന്നൊക്കെ പല സമൂഹമാധ്യമങ്ങളിലൂടെയും തെറ്റായ പോസ്റ്ററുകൾ കണ്ട് വിശ്വസിച്ച് അതും പരീക്ഷിച്ച് നോക്കിയിട്ടുണ്ടാകാം നമ്മൾ. എന്നിട്ടും RTPCR ടെസ്റ്റ് കഴിഞ്ഞ് പോസിറ്റീവായവർ ആദ്യം മനസ്സിൽ ഓർത്തുകാണും ഇത്തരം തെറ്റായ വിവരങ്ങളെക്കുറിച്ച്!

മെച്ചപ്പെട്ട ശാരീരികക്ഷമത ഒരു പരിധിവരെ സാംക്രമിക രോഗങ്ങളെ നേരിടാൻ ശരീരത്തെ സഹായിക്കും. ശാരീരികക്ഷമതയും മാനസീകനിലയും പരസ്പരം ബന്ധപ്പെട്ട ഒന്നാണ് എന്ന യാഥാർത്ഥ്യവുമാണ് കോവിഡ് പ്രതിരോധത്തിൽ നമ്മുടെയും അടിസ്ഥാനം. അതോടൊപ്പം ശ്വാസകോശജന്യ സങ്കീർണ്ണതകൾ കോവിഡിന്റെ ഒരു ഭീകരമുഖമാകുന്നതിനാൽ മെച്ചപ്പെട്ട ശ്വസനപരമായ ആരോഗ്യം ഈ അവസ്ഥയെ നേരിടാൻ കുറച്ചുകൂടി ശരീരത്തെ പ്രാപ്തമാക്കും എന്നതാണ് വാസ്തവം.

കേവലം ഒന്നര വർഷത്തെ അനുഭവം മാത്രമുള്ള കോവിഡ്19 എന്ന വൈറൽ രോഗത്തെ കുറിച്ച് തുടക്കം മുതൽ ശാസ്ത്രീയമായ വിവരങ്ങൾ പങ്കുവച്ചത് അമേരിക്കയിലെ പ്രശസ്ത ഗവേഷണ കേന്ദ്രമായ 'ജോൺ ഹോപ്കിൻസ്' സർവ്വകലാശാലയാണ്. ഈ രോഗത്തിന്റെ വ്യാപനരീതി, മാറ്റങ്ങൾ, വേഗത തുടങ്ങിയ ഘടകങ്ങളെ വളരെ ശാസ്ത്രീയമായ രീതിയിൽ അവർ ലോകത്തിന് പരിചയപ്പെടുത്തിയപ്പോൾ കോവിഡ് എന്ന മഹാമാരിയെ തരണം ചെയ്യാൻ പല രാജ്യങ്ങൾക്കും സഹായകമായി. തുടർന്നുള്ള കോവിഡ് പുനരധിവാസ ചികിത്സയിലും വ്യക്തമായ മാനദണ്ഡം ഇവർ നിശ്ചയിച്ചു.

ഈ വിഭാഗങ്ങളിൽ നൽകേണ്ട ഫിസിയോ തെറാപ്പി രീതികളെ വിദഗ്ദ്ധർ 5 തലങ്ങളായി ക്രമപ്പെടുത്തിയിരിക്കുന്നു.

- ശ്വസന വ്യായാമങ്ങൾ (Breathing Exercises)
- തുലന വ്യായാമങ്ങൾ (Balance & Co-ordination)
- ചാക്രികതല ശാരീരികചലനങ്ങൾ (Cross Body Pattern movement)
- പേശീബലം (Muscular Strength)
- ശാരീരിക ക്ഷമത മാർഗ്ഗങ്ങൾ (Aerobic endurance)

കോവിഡ് രോഗബാധ ശ്വാസകോശങ്ങളെ ബാധിക്കുമ്പോൾ ശ്വാസകോശ ഭാഗങ്ങളിൽ പ്രത്യേക ശ്രദ്ധ പുനരധിവാസത്തിൽ പ്രാധാന്യമർഹിക്കുന്നു. ഈ നിലയിൽ കമിഴ്ന്നുകിടന്നുള്ള ദീർഘശ്വസന വ്യായാമങ്ങളുടെ പ്രാധാന്യം വലുതാണ്. വയറിന്റെ ഭാഗത്ത് കിട്ടുന്ന മർദ്ദം ശ്വസന അറകളിലേക്ക് ശക്തമായ വായു പ്രവാഹത്തിനും ശരിയായ ഓക്സിജൻ നില വർദ്ധിപ്പിക്കുവാനും സഹായിക്കുന്നു. ഇടുപ്പുയർത്തൽ (Bridging), പാദചലനം (Ankle movements), കാൽമുട്ട് ബലപ്പെടുത്തൽ (Knee strengthening) എന്നീ വ്യായാമങ്ങളും പ്രായമായ രോഗികളിൽ അവശ്യഘടകങ്ങളാകുന്നു.

**ശ്രദ്ധിക്കേണ്ട സന്ദർഭങ്ങൾ**

- പനി • കിതപ്പ് • താഴ്ന്ന ഓക്സിജൻ നില
- നെഞ്ചുവേദന • സംസാരിക്കുവാനുള്ള ബുദ്ധിമുട്ട്

ഫിസിയോതെറാപ്പി വിദഗ്ദ്ധരുടെ നിർദ്ദേശപ്രകാരം ഓരോരുത്തർക്കും അവരവരുടെ ശാരീരിക ക്ഷമതക്കനുസരിച്ചുള്ള പുനരധിവാസ വ്യായാമങ്ങൾ ചെയ്യാവുന്നതാണ്. കോവിഡ് എന്ന മഹാമാരി അടങ്ങിയാലും അതുണ്ടാക്കിയ ശാരീരിക മാനസിക ബുദ്ധിമുട്ടുകൾ വിട്ടുപോകാൻ മാസങ്ങൾ എടുത്തേക്കാം. ഇത്തരം ബുദ്ധിമുട്ടുകൾ

32 – ാം ചരമവാർഷികം (17 – 06 – 2021)



# മാമ്പിള്ളി അന്തോണി മകൻ

# കൊച്ചുവറീത്

ജനനം : 01 – 12 – 1912

മരണം : 17 – 06 – 1989

# സ്നേഹസ്മരണയ്ക്ക്

## 10-ാം ചരമവാർഷികം

02.07.2021



# തോട്ടാൻ ജോൺസൻ ഭാര്യ

# ലിസ്സി

ജനനം : 11.05.1967

മരണം : 02.07.2011

നിങ്ങളുടെ പ്രാർത്ഥനയിൽ എന്നേയും ഓർക്കണമേ.....

# Remembrance

## 32nd Year In Heaven



മാള്യേക്കൽ കുണ്ടുപറമ്പിൽ ഔസേപ്പ്

**ലോനപ്പൻ**

19-06-1919 06-04-1989

## 25th Year In Heaven



മാള്യേക്കൽ കുണ്ടുപറമ്പിൽ ലോനപ്പൻ

**റോസി**

02-08-1921 30-06-1996

## 19th Year In Heaven



മാള്യേക്കൽ കുണ്ടുപറമ്പിൽ ലോനപ്പൻ

**ആന്റോ**

09-07-1955 14-07-2002



മാള്യേക്കൽ കുണ്ടുപറമ്പിൽ (House)

ഇരിങ്ങാലക്കുട

# സ്നേഹസ്മരണയ്ക്ക്

**6 – ാം ചരമവാർഷികം (23.07.2021)**




# ആലേങ്ങാടൻ വാറുണ്ണി

# മാനുവൽ

ജനനം : 12.03.1935 മരണം : 23.07.2015

ഞാൻ നിങ്ങളിൽനിന്നും അകന്നുപോയി എങ്കിലും
എന്റെ സ്നേഹം എന്നും നിങ്ങളോടൊപ്പം ഉണ്ടായിരിക്കും
നിങ്ങൾ എനിക്കുവേണ്ടി പ്രാർത്ഥിക്കണമേ.

അനുഭവിക്കുന്ന പലർക്കും സ്വയം ചെയ്യാവുന്ന ഏതാനും ചുരുങ്ങിയ ചില വ്യായാമങ്ങൾ നിർദ്ദേശിക്കുന്നു. ഏതെങ്കിലും തരത്തിലുള്ള ശാരീരിക ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നവർ വിദഗ്ദ്ധരുടെ നിർദ്ദേശാനുസരണം മാത്രം വ്യായാമങ്ങൾ തുടരുന്നതാണ് ഉചിതം.




## ◆ Breathing positions

### 1. High side lying



### 2. Forward lean sitting




### 3. Forward lean standing



## ◆ Breathing Exercises

### 1. Controlled Breathing




ചിത്രത്തിലെ പോലെ ഒരു കൈ നെഞ്ചിലും ഒരു കൈ വയറിലും വയ്ക്കുക. സാവധാനം മൂക്കിലൂടെ ശ്വാസം ഉള്ളിലേക്ക് വലിക്കുക. ശേഷം വായിലൂടെ സാവധാനം പുറത്തേക്ക് വിടുക.

### 2. Pursed lip Breathing



മൂക്കിലൂടെ ശ്വാസം ഉള്ളിലേക്ക് വലിക്കുക. ശേഷം ചുണ്ടുകൾ ചൂളം അടിക്കുന്നതുപോലെ പിടിച്ച് വായിലൂടെ സാവധാനം ശ്വാസം പുറത്തേക്ക് വിടുക.

### 3. Thorasic expansion exercise



ചിത്രത്തിലെപോലെ മൂക്കിലൂടെ ശ്വാസം ഉള്ളിലേക്ക് എടുക്കുന്നതോടൊപ്പം ഇരുകൈകളും തലക്ക് മുകളിലേക്ക് ഉയർത്തുക, ശേഷം വായിലൂടെ പതിയെ ശ്വാസം പുറത്തേക്കു വിടുന്നതോടൊപ്പം കൈകളും താഴ്ത്തുക.


## ◆ Physical Exercises

**ഗുണങ്ങൾ**

- ശാരീരിക ക്ഷമത വർദ്ധിപ്പിക്കുന്നു.


- ശാരീരിക-മാനസിക പിരിമുറുക്കങ്ങൾ കുറക്കുന്നു.
- ശരീരത്തിന്റെ ശരിയായ ബാലൻസ് വർദ്ധിപ്പിക്കുന്നു.
- ശ്വസനം സുഗമമാക്കുന്നു.

### 1. Shoulder Shrugs



രണ്ട് തോളുകളും ഒരുമിച്ച് മുകളിലേക്കുയർത്തുകയും താഴ്ത്തുകയും ചെയ്യുക. (2-5 times)

### 2. Shoulder circles




ഇരു തോളുകളും മുമ്പോട്ടും പിമ്പോട്ടും വൃത്താകൃതിയിൽ ചലിപ്പിക്കുക.

### 3. Knee lifts




ഇരുന്നുകൊണ്ട് കാൽമുട്ടുകൾ ഓരോന്നായി ഉയർത്തുകയും താഴ്ത്തുകയും ചെയ്യുക.

### 4. Ankle taps



നിന്നുകൊണ്ട് കാൽകുഴ മുകളിലേക്കും താഴേക്കും ചലിപ്പിക്കുക. ഇരുപാദങ്ങളും മാറി മാറി ചെയ്യാവുന്നതാണ്.

### 5. Ankle circles




ഇരുന്നുകൊണ്ട് കാൽകുഴകൾ ഓരോന്നായി വൃത്താകൃതിയിൽ ചലിപ്പിക്കുക.

### 6. Walking, Jogging, Cycling etc.

## ◆ Strengthening Exercises

പേശീബലം വർദ്ധിപ്പിക്കുവാൻ ചെറിയ വെയ്റ്റ് അല്ലെങ്കിൽ വെള്ളം നിറച്ച കുപ്പി ഉപയോഗിച്ചോ ചെയ്യാവുന്ന വ്യായാമങ്ങളാണിത്.

### 1. Knee straightening



കാൽമുട്ടുകൾ ഓരോന്നായി മടക്കുകയും നിവർത്തുകയും ചെയ്യുക.

### 2. Sit to stand



കസേരയിൽ ഇരുന്ന് എഴുന്നേൽക്കുക.

## ◆ Anxiety/Stress

- ശരിയായ ഉറക്കം
- ലഹരിവസ്തുക്കളുടെ ഉപയോഗം നിർത്തുക.
- ശരിയായ പോഷകാഹാരങ്ങൾ കഴിക്കുക.
- ശാരീരികമായി ഊർജ്ജസ്വലരായിരിക്കുക.
- വായന, സംഗീതം, സുഹൃത്ത്ബന്ധങ്ങൾ
- വിനോദങ്ങൾ (ടി.വി., കമ്പ്യൂട്ടർ മുതലായവ)

> അഹങ്കാരത്തിനുപിന്നാലെ അപമാനമുണ്ട്. വിനയമുള്ളവരുടെ കൂടെ ജ്ഞാനവും
> (സുഭാ. 11:2)


# ആരോഗ്യ ഇൻഷൂറൻസ്



**ജിജു കോട്ടോളി**

ആരോഗ്യ ഇൻഷൂറൻസ് അല്ലെങ്കിൽ മെഡിക്ലെയിം പോളിസികൾ ഇന്നത്തെ കാലഘട്ടത്തിന്റെ ആവശ്യകതയായി മാറികൊണ്ടിരിക്കുന്നു. ഇന്നത്തെ ജീവിത സാഹചര്യങ്ങളും. ഭക്ഷണരീതികളും, നമ്മുടെ ആരോഗ്യത്തെ ബാധിക്കുകയും, ചെറുപ്രായത്തിൽതന്നെ പലരും മാരകമായ രോഗങ്ങൾക്ക് കീഴ്പ്പെടുകയും ചെയ്യുന്നു. അപ്രതീക്ഷിത മാരക രോഗങ്ങളുടെയും അപകടങ്ങളുടെയും ചികിത്സക്കുവേണ്ടി സാമ്പത്തികം പ്രഥമ ഘടകമാണ്. അസാധാരണമായ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുന്ന സാമ്പത്തിക പ്രതിസന്ധികളെ ഒരിക്കലും സാധാരണമായ സാമ്പത്തികശേഷിക്കു തരണം ചെയ്യുവാൻ കഴിയില്ല. കുടുംബത്തിന്റെ സാമ്പത്തിക ഭദ്രത തകിടം മറിക്കുന്ന ആശുപത്രി ചിലവുകൾക്ക് ഒരു പരിരക്ഷ അല്ലെങ്കിൽ കൈതാങ്ങാണ് ആരോഗ്യ ഇൻഷൂറൻസ് പോളിസികൾ.

അഭിമാനത്തോടുകൂടിയുള്ള ജീവിതം,
അത് കുടുംബത്തിന്റെ അവകാശമാണ്.



ശാരീരിക ക്ഷമതയുള്ളവർക്ക് മെഡിക്ലെയിം പോളിസികൾ ആവശ്യമില്ലായെന്നും, ഏതെങ്കിലും അസുഖമുള്ളവർക്ക് മാത്രമാണ് മെഡിക്ലെയിം പോളിസികളുടെ ആവശ്യകതയുള്ളതെന്ന് സമൂഹത്തിൽ തെറ്റായ ധാരണ നിലവിലുണ്ട്. അതു മാത്രമല്ല, മെഡിക്ലെയിം പോളിസികളുടെ പ്രീമിയം തുക തിരിച്ച് കിട്ടില്ലെന്ന യാഥാർത്ഥ്യവും പോളിസികൾ അംഗമാകുന്നതിന് മടിച്ചു നിൽക്കുന്നു. ഏതെങ്കിലും രോഗത്തിന്റെ ലക്ഷണങ്ങൾ പ്രകടമാകുമ്പോഴാണ് മെഡിക്ലെയിം പോളിസികളിൽ ചേരുവാൻ പലരും ആഗ്രഹിക്കുന്നത്. മഹാമാരിയായ കോവിഡ്19ന്റെ ചികിത്സാ ചിലവുകൾ ലഭ്യമാകുന്നതിനുവേണ്ടി കൊറോണ കവച് പോളിസികൾ വിപണിയിൽ ലഭ്യമായപ്പോൾ വളരെയധികം പേർ അംഗങ്ങളായി. ഈ പോളിസിയിൽ ചേർന്ന 70% പേർക്കും സാധാരണ ഒരു മെഡിക്ലെയിം പോളിസിപോലും ഇല്ലാത്തവരായിരുന്നു.

രോഗലക്ഷണങ്ങൾ പ്രകടമാകുമ്പോഴോ, രോഗാവസ്ഥയിലോ ഒരു മെഡിക്ലെയിം പോളിസിയിൽ അംഗമായാൽ ശരിയായ വിധത്തിൽ പോളിസിയുടെ ആനുകൂല്യം ലഭിക്കണമെന്നില്ല. മുൻകാല രോഗലക്ഷണങ്ങൾ മറച്ചുവെച്ചുവെന്ന കാരണത്താൽ കമ്പനിക്ക് ആ പോളിസി റദ്ദാക്കുവാനുള്ള അധികാരമുണ്ട്.

ചെറിയ ഒരു വാർഷിക പ്രീമിയത്തിലൂടെ 16 മാസം മുതൽ 76 വയസ്സുവരെയുള്ളവർക്ക് ഈ പദ്ധതിയിൽ അംഗമായാൽ എത്രവലിയ മാരക അസുഖങ്ങൾ വന്നാലും എടുത്തിരിക്കുന്ന ഇൻഷൂറൻസ് തുകയുടെ പരിരക്ഷ പൂർണ്ണമായും ലഭിക്കുന്നതാണ്. 100 വയസ്സുവരെ കവറേജ് ലഭിക്കുന്ന പോളിസികളൽ ചേരുന്നതാണ് ഉചിതം. ഒരുലക്ഷം മുതൽ ഒരുകോടി വരെയുള്ള ഇൻഷൂറൻസ് പരിരക്ഷ ലഭിക്കുന്ന വ്യക്തിഗത, ഫാമിലി പോളിസികൾ വിപണിയിൽ ലഭ്യമാണ്. 24 മണിക്കൂറെങ്കിലും കിടത്തി ചികിത്സിക്കേണ്ട ഗൗരവമുള്ള അസുഖങ്ങൾക്ക് മാത്രമേ ക്ലെയിം തുക ലഭിക്കുകയുള്ളൂ. എന്നിരുന്നാലും 24 മണിക്കൂർ അഡ്മിഷൻ ആവശ്യമില്ലാത്ത പോളിസികളിൽ ഉൾപ്പെടുത്തിയിരിക്കുന്ന അസുഖങ്ങളുടെ ചികിത്സാ ചിലവുകൾ ലഭിക്കുന്നതാണ്.

**ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

**മുറി വാടക:**

ഏത് പോളിസിയിൽ ചേർന്നാലും, പോളിസികളിൽ അനുവദിച്ചിട്ടുള്ള മുറി വാടക എത്രയെന്നുള്ളത് വളരെ നിർണ്ണായകമാണ്. മുറി വാടക, ബോർഡിംഗ് ചാർജ്ജ്. നഴ്സിങ്ങ് ചാർജ്ജ് എന്നിവ ഉൾപ്പെടുന്നതാണ് മുറി വാടക. അനുവദിനീയമായ

മുറി വാടകയില്ലാത്ത ചികിത്സയെങ്കിൽ ആനുപാതികമായ ക്ലെയിം തുകയിൽ ഗണ്യമായ കുറവുണ്ടാകും.

ഉദാഹരണത്തിന് ഒരു ദിവസത്തേക്ക് 2000/– രൂപ മുറിവാടക അനുവദിനീയമായ പോളിസിയിൽ ഒരു ദിവസം മുറിവാടക, നഴ്സിങ്ങ് ചാർജ്, ബോർഡിംഗ് ചാർജ് ഉൾപ്പെടെ 4000/– രൂപ വരുന്ന മുറിയിൽ അഡ്മിറ്റായി രോഗി ചികിത്സ എടുത്തിട്ടുണ്ടെങ്കിൽ ക്ലെയിം സെറ്റിൽ ചെയ്യുമ്പോൾ മരുന്നിന്റെ ബില്ല് ഒഴിച്ച് ബാക്കി വരുന്ന മൊത്തം സംഖ്യയുടെ 50% വരെ കുറവ് വരാവുന്നതാണ്.

## Claim Loading

പല കമ്പനികളും മെഡിക്ലെയിം പോളിസികളിൽ അതതു വർഷങ്ങളിൽ ഇൻഷൂറൻസ് തുക കൈപറ്റിയിട്ടുണ്ടെങ്കിൽ അതിനടുത്ത വർഷം പ്രീമിയത്തിൽ വർദ്ധനവ് വരുത്താറുണ്ട്. എന്നാൽ ഇൻഷൂറൻസ് തുക ക്ലെയിം ചെയ്താലും ചെയ്തില്ലെങ്കിലും പ്രീമിയം തുക വർദ്ധിപ്പിക്കുന്ന പോളിസികളും ലഭ്യമാണ്.

അതാതു വർഷങ്ങളിൽ ക്ലെയിം ഇല്ലെങ്കിൽ എടുത്തിരിക്കുന്ന ഇൻഷൂറൻസ് തുകയിൽ വർദ്ധനവ് ലഭിക്കുന്നതും, സൗജന്യമായി മെഡിക്കൽ ചെക്ക്അപ്പ് ചെയ്യുന്നതിനുള്ള തുകയും പല കമ്പനികളിലും നിന്നും ലഭിക്കുന്നുണ്ട്.

## Pre-Post Hospitalisation

ആശുപത്രിയിൽ ചികിത്സകൾക്കായി അഡ്മിറ്റാകേണ്ടിവന്നാൽ ടി അസുഖത്തിന് വേണ്ടി അഡ്മിഷൻ മുൻപ് മരുന്ന്, ടെസ്റ്റ് എന്നിവയ്ക്കു വേണ്ടി തുക ചിലവഴിച്ചിട്ടുണ്ടെങ്കിൽ ആ തുക തിരിച്ച് ലഭിക്കുവാൻ അർഹതയുണ്ട്. അതുപോലെ തന്നെ അഡ്മിഷൻ ശേഷം കഴിക്കുന്ന മരുന്നുകൾക്കും ടെസ്റ്റുകൾക്കുമുള്ള തുകയും ലഭ്യമാണ്. നിശ്ചിത ശതമാനം, നിശ്ചിത ദിവസങ്ങൾ എന്നീ വ്യത്യസ്തതയുള്ള രീതിയിൽ പോളിസികൾ ലഭ്യമാണ്. യഥാർത്ഥ ചിലവുകൾ ലഭിക്കുന്ന പോളിസികൾ തെരഞ്ഞെടുക്കുന്നതാണ് ഉചിതം.

## Portability

IRDA തീരുമാനപ്രകാരം ഇന്ത്യയിലെ ഏത് ജനറൽ കമ്പനിയിൽനിന്നും എടുത്തിരിക്കുന്ന പോളിസികൾ പ്രത്യേകിച്ച് അസുഖങ്ങൾ ഇല്ലാത്തവരാണെങ്കിൽ മറ്റു കമ്പനികളിലേക്ക് നിബന്ധനകൾക്ക് വിധേയമായി മാറ്റാവുന്നതാണ്. അങ്ങനെ മാറ്റപ്പെടുന്ന പോളിസികളുടെ മുൻകാല പ്രാബല്യവും നിലവിലുള്ള ആനുകൂല്യവും നഷ്ടപ്പെടുന്നില്ല.

എന്നാൽ ഗ്രൂപ്പ് ഇൻഷൂറസ് വഴി മെഡിക്ലെയിം പോളിസികൾ എടുത്തിട്ടുള്ളവർക്ക് മറ്റു കമ്പനികളിലേക്ക് മാറ്റുവാൻ സാധിക്കുകയില്ല.

## Restoration

ഏതെങ്കിലും ഒരു അസുഖത്തിനോ അപകടത്തിനോ എടുത്തിരിക്കുന്ന ഇൻഷൂറൻസ് തുക, ആദ്യഘട്ടത്തിൽതന്നെ പൂർണ്ണമായി ചിലവഴിക്കേണ്ടി വന്നാൽ പോളിസി കാലാവധിയായ ഒരു വർഷം പൂർത്തിയായിട്ടില്ലെങ്കിൽ സൗജന്യമായി നിലവിലുള്ള ഇൻഷൂറൻസ് കവറേജ് വർദ്ധിപ്പിക്കുന്നതിന് Restoration എന്ന് പറയുന്നത്. പല കമ്പനികളും അടിസ്ഥാന ഇൻഷൂറൻസ് തുകയുടെ 100% – 300% നിബന്ധനകൾക്ക് വിധേയമായി പ്രീമിയം അടയ്ക്കാതെ തന്നെ വർദ്ധിപ്പിക്കുന്നുണ്ട്.


## Hospital Cash

അനുവദനീയമായ ആശുപത്രി ചികിത്സ ചിലവുകൾക്ക് പുറമെ ലഭിക്കുന്ന തുകയാണ് ഈ വിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പോളിസി ഇൻഷൂറൻസ് തുകയുടെ അടിസ്ഥാനത്തിൽ ദിനംപ്രതി ലഭിക്കുന്ന സംഖ്യയിലും വ്യത്യാസമുണ്ടാകും. ഈ ആനുകൂല്യം ഇല്ലാത്ത പോളിസികളിൽ ചെറിയ ഒരു സംഖ്യ കൂടുതലായി അടച്ചാൽ ആനുകൂല്യം ലഭിക്കുന്നതാണ്.

ഇവയ്ക്ക് പുറമെ, അവയവദാതാവിന്റെ ചികിത്സാ ചിലവ്, എയർ ആംബുലൻസ് സൗകര്യം, പ്രസവാനുകൂല്യം, വന്ധ്യതാ ചികിത്സാ ചിലവ്, വീട്ടിൽ കിടത്തിയ ചികിത്സകൾ, റീ ചാർജ്ജ് ആനുകൂല്യം, ശരീരതൂക്കം കൂടിയതുമൂലമുള്ള രോഗങ്ങൾ പരിഹരിക്കുന്നതിനുള്ള ശസ്ത്രക്രിയകൾ, വ്യക്തിഗത അപകട ഇൻഷൂറൻസ്, നിലവിലുള്ള അസുഖങ്ങളുടെ ചികിത്സാചിലവുകൾ ലഭിക്കുന്നതിനുള്ള കാലാവധി കുറക്കൽ, ഒ.പി. കൺസൽട്ടേഷൻ ഫീസുകൾ തുടങ്ങിയ ആനുകൂല്യങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ള പോളിസികളും ലഭ്യമാണ്.

## Claim തുക നിരസിക്കൽ

പണം കൊടുത്തു വാങ്ങിയ പോളിസികളിൽ അർഹമായ ആനുകൂല്യങ്ങൾ വാങ്ങിയെടുക്കുക പൊതുജനങ്ങളുടെ അവകാശമാണ്. മിക്ക കമ്പനികളും ക്ലെയിം സെറ്റിൽമെന്റ് ചെയ്യുന്ന TPA (Third Party Administrator) ആണ്. അതായത് ക്ലെയിം സെറ്റിൽമെന്റ് മറ്റൊരു ഏജൻസിയെ ഏൽപ്പിച്ചിട്ടുള്ളത്. ക്ലെയിം തള്ളി കളയുക, അർഹമായ തുക അനുവദിക്കാതിരിക്കുക. ഇത്തരം സന്ദർഭങ്ങളിൽ പോളിസി ഉടമകൾക്ക് പലവിധ പരിഹാരം തേടാം.



# ബൈബിൾ ക്വിസ്



**എലിസബത്ത് ജോൺസൻ**
മറിയംത്രേസ്യ യൂണിറ്റ്

## നിയമാവർത്തനം 22-34

1. കർത്താവിന് നിന്ദ്യരായവർ ആരാണ്?
2. നിന്നെ സംരക്ഷിക്കാനും നിന്റെ ശത്രുക്കളെ നിനക്ക് ഏൽപ്പിച്ചുതരാനും നിന്റെ ദൈവമായ കർത്താവ് സഞ്ചരിക്കുന്നത് എവിടെ?
3. ആർക്കാണ് നീതി നിഷേധിക്കാൻ പാടില്ലാത്തത്?
4. ഇസ്രായേലേ, ശ്രദ്ധിച്ചു കേൾക്കുക. ഇന്നു നീ നിന്റെ ദൈവമായ കർത്താവിന്റെ ജനമായി തീർന്നിരിക്കുന്നു. ഇത് ആര് ആരോട് പറഞ്ഞു?
5. മോശ ഇസ്രായേൽ ജനത്തെ എത്ര വർഷമാണ് മരുഭൂമിയിലൂടെ നയിച്ചത്?
6. കർത്താവിന്റെ ഉടമ്പടിയുടെ പേടകം വഹിക്കുന്നവർ?
7. ആരുടെ വഴികളാണ് നീതിയുക്തമായിട്ടുള്ളത്?
8. തങ്ങളുടെ അവസാനത്തെപറ്റി ചിന്തിക്കുന്നത് ആരാണ്?
9. കർത്താവിനെ പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവോടും കൂടെ സ്നേഹിക്കേണ്ടതിനും ജീവിച്ചിരിക്കേണ്ടതിനും വേണ്ടി അവിടുന്ന് ............. തുറക്കും.
10. ജ്ഞാനത്തിന്റെ ആത്മാവിനാൽ പൂരിതനായവൻ?

**ഈ ലക്കത്തിലെ ശരിയുത്തരങ്ങൾ ജൂലൈ 15ന് മുമ്പായി ബുള്ളറ്റിൻ ബോക്സിൽ നിക്ഷേപിക്കേണ്ടതാണ്. ഉത്തരങ്ങൾ അയക്കുന്നവർ അവരുടെ പേര്, യൂണിറ്റ്, ഫോൺ നമ്പർ എന്നിവ എഴുതേണ്ടതാണ്.**

### കഴിഞ്ഞലക്കം ശരിയുത്തരങ്ങൾ

1. സർപ്പത്തിൽ
2. കർത്താവിനെ ഭയപ്പെടുന്നവൻ
3. പാതാളത്തിൽ
4. ദൈവഭക്തിയിൽ
5. ബുദ്ധിമാന്റെ
6. അലസൻ
7. ഹൃദയം നോവിച്ചാൽ
8. ഭോഷന്റെ
9. നിന്ദ
10. പരദൂഷകൻ

### ശരിയുത്തരങ്ങൾ അയച്ചവർ

1) സംഗീത ഫ്രാൻസിസ് (ലൂർദ്ദ്മാത) 2. ഷൈനി റോയ് (സെന്റ് ജോർജ്ജ്) 3. അഖില വിൽസൻ (ലൂർദ്ദ്മാത) 4. അൻസിയ വിൽസൻ (ലൂർദ്ദ്മാത) 5. അബ്രാഹം പി.പി. (അമല) 6. സാന്റി ജോയ് (സെന്റ് ഇഗ്നേഷ്യസ്) 7. ഡീന വിൽസൻ (ലൂർദ്ദ്മാത) 8. കെ.വി. ആന്റണി (സാന്ത്വന) 9. ജാൻസി പോൾ (ദേവമാത) 10. ആകാശ് പി. അബ്രാഹം (അമല) 11. ഷീന അബ്രാഹം (അമല) 12. ആബേൽ റോബർട്ട് (സെമിനാരി) 13. ഹന്ന റോസ് (സെന്റ് ഫ്രാൻസിസ്) 14. സോണി ആന്റണി കുണ്ടുപറമ്പിൽ (ഡോൺ ബോസ്കോ II)

**ആകെ പങ്കെടുത്തവർ : 14, ശരിയുത്തരം അയച്ചവർ : 14,**
**വിജയി: സോണി ആന്റണി കുണ്ടുപറമ്പിൽ (ഡോൺ ബോസ്കോ II യൂണിറ്റ്)**

# വീട് വിൽപ്പനയ്ക്ക്



**ഇരിങ്ങാലക്കുട RS റോഡിൽ**
**Tony Driving School ന്**
**സമീപം 8 സെന്റ് വസ്തുവിൽ**
**2900 Sq.ft. വീടുള്ളത്.**

**CONTACT : 9447527576**



# വീട് വിൽപ്പനയ്ക്ക്



**ഇരിങ്ങാലക്കുടയിൽ**
**എല്ലാ പണിയുംതീർത്ത**
**2000 Sq.ft.**
**വീട് വിൽപ്പനയ്ക്ക്**

**CONTACT : 9745768367**




# സഭാവാർത്തകൾ

**പൗലോസ് ചക്കച്ചാംപറമ്പിൽ**
സെമിനാരി യൂണിറ്റ്

1. **ക്രൈസ്തവരുടെ കടമ:** യേശുവിനെ അറിയാൻ ജനങ്ങളെ സഹായിക്കുന്നതു ക്രൈസ്തവരുടെ കടമയാണ്. സേവനത്തിലൂടെയും സ്നേഹത്തിലൂടെയും നമ്മുടെ ജീവിതങ്ങളെ ദാനമായി നൽകാതെ ഇതു ചെയ്യുവാൻ നമുക്ക് സാധ്യമല്ല. മാർപാപ്പ ഒരു സന്ദേശത്തിൽ പറഞ്ഞു.
2. **ജീവൻ വെടിഞ്ഞയാളെ വാഴ്ത്തപ്പെട്ടവനാക്കും:** ലാറ്റിനമേരിക്കൻ രാജ്യമായ ഇക്വഡോറിലെ കോർദോബയിൽ കടലിൽ വീണ ഏഴു കുട്ടികളെ മുങ്ങിമരണത്തിൽനിന്നു രക്ഷപ്പെടുത്തിയ ശേഷം മരണത്തിനു കീഴടങ്ങിയ ബ്രദർ പെദ്രോ മാനുവേൽ ഡി ആൽബയെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കി. ഒരു സമർപ്പിത സമൂഹത്തിലെ അംഗമായിരുന്നു ബ്രദർ മാനുവേൽ.
3. **ദിവ്യകാരുണ്യ കോൺഗ്രസ്:** 2024ലെ അന്താരാഷ്ട്ര ദിവ്യകാരുണ്യ കോൺഗ്രസിന് വേണ്ടിയുള്ള വേദിയായി ലാറ്റിനമേരിക്കയിലെ ഇക്വഡോറിനെ ഫ്രാൻസിസ് മാർപാപ്പ തെരഞ്ഞെടുത്തതായി വത്തിക്കാൻ അറിയിച്ചു. ഇക്വഡോറിലെ ക്വിറ്റോ രൂപതയാകും കോൺഗ്രസിന് ആതിഥേയത്വം വഹിക്കുക.
4. **കച്ചവടവത്ക്കരിക്കരുത്:** ജലം പാഴാക്കുന്നതും കച്ചവടവത്ക്കരിക്കുന്നതും മലിനമാക്കുന്നതും പൂർണ്ണമായി ഒഴിവാക്കപ്പെടേണ്ടതാണെന്നു വത്തിക്കാൻ സ്റ്റേറ്റ് സെക്രട്ടറി കാർഡിനൽ പിയെട്രോ പരോളിൻ ആവശ്യപ്പെട്ടു.
5. **ക്രിസ്തുവിനെ തേടുക:** ഒഴിഞ്ഞ കല്ലറയിലിരിക്കുകയായിരുന്ന മാലാഖ മഗ്ദലേന മറിയത്തോടു പറഞ്ഞത്, ഭയപ്പെടരുത് എന്നാണ്. മാലാഖയുടെ വാക്കുകൾ അമൂല്യമായ ഒരു പ്രബോധനം നമുക്ക് നൽകുന്നുണ്ട്. ഉത്ഥിതനായ ക്രിസ്തുവിനെ അന്വേഷിക്കുന്നതിൽ നാം മടുപ്പ് കാണിക്കരുത്. തന്നെ കണ്ടുമുട്ടുന്നവർക്ക് ജീവൻ സമൃദ്ധമായി നൽകുന്നവനാണ് ഉത്ഥിതനായ ക്രിസ്തു. മാർപാപ്പ ഒരു സന്ദേശത്തിൽ സൂചിപ്പിച്ചു.
6. **വാക്സിനേഷൻ കേന്ദ്രം സന്ദർശിച്ചു:** വത്തിക്കാൻ സിറ്റിയിൽ കോവിഡ് വാക്സിൻ വിതരണം ചെയ്യുന്ന ഓഡിറ്റോറിയം ദുഃഖവെള്ളിയാഴ്ച ഫ്രാൻസിസ് മാർപാപ്പ സന്ദർശിച്ചു. 1200 പേർക്കാണ് വത്തിക്കാനിൽ കോവിഡ് വാക്സിൻ നൽകിയത്. പോൾ ആറാമൻ ഹാളിൽ സജ്ജമാക്കിയ വാക്സിൻ കേന്ദ്രത്തിൽ ജോലി ചെയ്യുന്ന ഡോക്ടർമാരോടും നഴ്സുമാരോടും മാർപാപ്പ സംസാരിച്ചു.
7. **മരിയൻ സ്വരൂപം പുനഃസ്ഥാപിച്ചു:** ഇറാഖിൽ ഇസ്ലാമിക് ഭീകരർ നശിപ്പിച്ച പരി. കന്യകാമറിയത്തിന്റെ പ്രതിമ വീണ്ടെടുക്കുകയും നേരത്തെ അതു പ്രതിഷ്ഠിച്ചിരുന്ന ദേവാലയത്തിൽതന്നെ സ്ഥാപിക്കുകയും ചെയ്തു. ക്രൈസ്തവർ ധാരാളമുണ്ടായിരുന്ന മോസുളിനടുത്തുള്ള കാരെംലേഷിലെ വി. അദ്ദായി പള്ളിയിലേതാണ് ഈ മരിയൻ സ്വരൂപം.
8. **എല്ലാവരും വായിക്കണം:** വി. യൗസേഫ് പിതാവിന്റെ വർഷം പ്രഖ്യാപിച്ചുകൊണ്ട് ഫ്രാൻസീസ് മാർപാപ്പ എഴുതിയ 'പിതൃഹൃദയത്തോടെ' (*PATRIS CORDE*) എന്ന അപ്പസ്തോലിക ലേഖനം എല്ലാവരും വായിക്കണമെന്ന് വിരമിച്ച പാപ്പ ബെനഡിക്ട് പതിനാറാമൻ നിർദ്ദേശിച്ചു. ഹൃദയത്തിൽനിന്നു വരുന്നതും ഹൃദയത്തിലേക്കു കയറുന്നതും വലിയ ആഴങ്ങൾ ഉൾകൊള്ളുന്നതുമാണ് ആ ലേഖനമെന്ന് അദ്ദേഹം വിശദീകരിച്ചു.
